മെയ് 2023

വാല്യം 06
ലക്കം 05

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 155/2023, Pastoral Letter No.05/2023 ........................ 05
2. കെ.സി.ബി.സി. സർക്കുലർ - മെയ്ദിനസന്ദേശം ................................ 11
3. കെ.സി.ബി.സി. സർക്കുലർ - കേരള സഭാനവീകരണം ....................... 16
4. കച്ചേരിക്കാര്യം .................................................................. 19
5. സെമിനാരി വാർത്തകൾ ........................................................ 24
6. വിശ്വാസപരിശീലനം ............................................................ 26
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ................................................ 31
8. ചെറുപുഷ്പ മിഷൻലീഗ് .......................................................... 35
9 തിരുബാലസഖ്യം .................................................................. 41
10. യുവജനശുശ്രൂഷ ................................................................ 43
11. കുടുംബപ്രേഷിതത്വം .......................................................... 48
12. വിദ്യാഭ്യാസ ഏജൻസി .......................................................... 51
13. സാൻജോസ് അക്കാദമി ........................................................ 54
14. വിമൽജ്യോതി വാർത്തകൾ .................................................. 55
15. ഇൻഫാം .......................................................................... 59
16. എ.കെ.സി.സി. .................................................................. 60
17. മദ്യവിരുദ്ധ സമിതി ............................................................ 62
18. എയ്ഞ്ചൽ ട്രസ്റ്റ് .................................................................. 64
19. സാമൂഹ്യസേവനവേദി .......................................................... 65
20. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി .............................. 68
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 70
22. Engagements - May (Archbishop Mar Joseph Pamplany) .......... ...... 74
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......................... 76
24. Engagements - May (Archbishop Mar George Njaralakkatt) .......... ... 79
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......................... 80

# സർക്കുലർ
**മാർ ജോസഫ് പാംപ്ലാനി**

Prot. No. 155 / 2023, Circular No. 05/2023

## മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

അടുത്ത ഞായറാഴ്ച (മെയ് 28) മതബോധന ഞായറായി ആചരിച്ച് അതിരൂപതയിലെ 217 സൺഡേസ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2023-2024 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കം കുറിക്കുകയാണ്. സഭയുടെ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസജീവിത പരിശീലന കർത്തവ്യത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈശോ നമുക്കു തന്ന ദൗത്യമാണ് സകലരെയും രക്ഷയുടെ സുവിശേഷമറിയിച്ച് ശിഷ്യപ്പെടുത്തുക എന്നത്. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). കർത്താവിന്റെ ഈ കൽപ്പന നമ്മുടെ ദൗത്യമായി സ്വീകരിച്ച് വരുംതലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുമ്പോൾ ഈ ദൗത്യത്തിൽ നാമും പങ്കുകാരാവുന്നു. അതുകൊണ്ടാണ് "മതബോധനം ഇന്ന്" എന്ന സഭയുടെ ഔദ്യോഗിക പ്രബോധനരേഖയിൽ വിശ്വാസപരിശീലനത്തെ 'സഭയോളം പഴക്കമുള്ള ശുശ്രൂഷയെന്ന്' വിശേഷിപ്പിക്കുന്നത് (Catechesis Tradendae, 1).

സീറോ മലബാർ സഭയുടെ മതബോധന ഡയറക്ടറി വിശ്വാസ പരിശീലനത്തെ നിർവചിക്കുന്നത് ഇപ്രകാരമാണ്: "മാമ്മോദീസ

സ്വീകരിച്ചവർ വിശ്വാസത്തിൽ പക്വതപ്പെടുന്നതിനും അതുവഴി ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനും വേണ്ടി സഭ ക്രമാനുഗതമായും ചിട്ടയായും നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷ യാണ് വിശ്വാസപരിശീലനം" (Call and Response, 50). സഭയുടെ പരമപ്രധാനമായ ദൗത്യമാണ് ദൈവജനത്തെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിലെത്തിക്കുക എന്നത്. വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിതചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണമെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേതീരൂ. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരിശീലനവും തുടർന്നുള്ള മതബോധന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹികസഭ' എന്നാണ് വിശേഷിപ്പിച്ചത്. കുടുംബം, സ്കൂൾ, വിശ്വാസപരിശീലന ക്ലാസ്സുകൾ എന്നിവയെല്ലാം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇവയിൽ ഏറ്റവും പ്രധാനഘടകം കുടുംബമാണ്. കുടുംബത്തിൽ കുട്ടികൾക്കു കൊടുക്കുന്ന ശിക്ഷണവും നിയന്ത്രണവും പരിശീലനവുമനുസരിച്ചു മാത്രമേ അവർ നല്ല കുട്ടികളായി വളരൂ. സ്കൂളും വിശ്വാസപരിശീലന ക്ലാസ്സുകളുമെല്ലാം ഇതിനെ പിന്തുണയ്ക്കുന്ന ഘടകങ്ങളാകുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് 'കുടുംബം-പ്രഥമ വിശ്വാസ പരിശീലന വേദി' എന്ന് നാം പറയുന്നത്.

മാലാഖയായി ജനിക്കുന്ന ഒരു കുഞ്ഞ് ജീവിച്ചു പരാജയപ്പെട്ടാൽ അതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. 'ചെറുപ്പത്തിൽ തന്നെ മക്കളെ അവർ നടക്കേണ്ട വഴികൾ പഠിപ്പിക്കുവാൻ' (സുഭാ 22:6) മാതാപിതാക്കൾക്കു കഴിയണം. മക്കൾ എപ്രകാരമാകുന്നു, എങ്ങനെ വളരുന്നു, ഏത് സ്വഭാവക്കാരാകുന്നു എന്നതിനെ ആശ്രയിച്ചാണ് മാതാപിതാക്കളുടെ ഭാവിജീവിതത്തിന്റെ സന്തോഷവും സുരക്ഷയും സമാധാനവും. അതുകൊണ്ട് അവരുടെ വളർച്ച മാതാപിതാക്കളുടെ ജീവിതത്തിലെ സുപ്രധാനഘടകമാണ്. കുട്ടികളുടെ സ്വഭാവസവിശേഷതകൾ, മൂല്യബോധത്തിലുള്ള വളർച്ച, വിശ്വാസത്തിലുള്ള തീക്ഷ്ണത, സഭയോടും സഭാജീവിതത്തോടുമുള്ള പ്രതിബദ്ധത ഇവയെല്ലാം കൃത്യവും വ്യക്തവുമാകാൻ മാതാപിതാക്കൾ പ്രത്യേക ശ്രദ്ധ കാണിക്കണം.

പ്രിയപ്പെട്ട മാതാപിതാക്കളെ, കത്തോലിക്കാ മാതാപിതാക്കളുടെ ഏറ്റവും ശ്രേഷ്ഠമായ ഉത്തരവാദിത്വം ദൈവം തങ്ങൾക്കേൽപ്പിച്ചു തന്നിരിക്കുന്ന കുഞ്ഞുങ്ങളെ കൗദാശിക അടിത്തറയിൽ വളർത്തുക എന്നതാണെന്ന സത്യം ഒരിക്കലും മറക്കാതിരിക്കാം. ഏറ്റവും പ്രധാനമായി വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസ പരിശീലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും വി. ബലിയിൽ സംബന്ധിക്കണം. നമ്മുടെ മക്കളെ വി. കുർബ്ബാനയുടെ അനുഭവത്തിൽ വളർത്തുവാൻ സാധിക്കണം. കൂടാതെ, നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാതപ്രാർത്ഥന, ജപമാല, ബൈബിൾ പാരായണം, കുമ്പസാരം, കുർബ്ബാന സ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

1976 ഓഗസ്റ്റ് 11-ന് വി. പോൾ ആറാമൻ മാർപാപ്പ മാതാപിതാക്കളോട് നടത്തിയ അഭ്യർത്ഥന ഹൃദയസ്പർശിയാണ്. അദ്ദേഹം ഇങ്ങനെ ചോദിച്ചു: “അമ്മമാരെ, നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർത്ഥനകൾ പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന വി. കുമ്പസാരം, ദിവ്യകാരുണ്യം, തൈലാഭിഷേകം എന്നീ കൂദാശകൾക്ക് വൈദികരോടൊത്തുചേർന്ന് നിങ്ങൾ അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കുമ്പോൾ പീഡകൾ സഹിച്ച ക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുവാനും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും സഹായം തേടുവാനും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങൾ ഒരുമിച്ച് ജപമാല പ്രാർത്ഥന ചൊല്ലാറുണ്ടോ? അല്ലയോ പിതാക്കന്മാരെ, നിങ്ങൾ മക്കളോടൊന്നിച്ച് പ്രാർത്ഥിക്കാറുണ്ടോ? ചിന്തയിലും പ്രവൃത്തിയിലും നിങ്ങൾ മക്കൾക്ക് സത്യസന്ധതയുടെ മാതൃകയാകാറുണ്ടോ? ഇങ്ങനെയാണ് നിങ്ങളുടെ കുടുംബത്തിന് നിങ്ങൾ സമാധാനമണയ്ക്കുന്നത്. നിങ്ങൾ സഭയെ കെട്ടിപ്പടുക്കുന്നത് അങ്ങനെയാണെന്ന് ഓർമ്മിക്കുക” *(Familiaris Consortio, 60).*

കുടുംബ പ്രാർത്ഥന ക്രൈസ്തവ കുടുംബത്തിന്റെ മുഖമുദ്രയാണ്. “ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കും.” എന്ന ആപ്തവാക്യം വളരെ അർത്ഥവത്തായിട്ടുള്ളതാണ്. ഏകാഗ്രതയോടും ഭക്തി

യോടുംകൂടി ദൈവസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് കുടുംബാംഗങ്ങൾ ഏക സ്വരത്തിൽ നടത്തുന്ന സ്നേഹ സംഭാഷണമാകണം കുടുംബപ്രാർത്ഥന. പ്രാർത്ഥന വഴി നമ്മുടെ കുടുംബങ്ങൾ ദൈവാലയങ്ങളായിത്തീരാനായി നമുക്കു പ്രാർത്ഥിക്കാം.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വേദിയാണ് സൺഡേസ്കൂളുകൾ. 1 മുതൽ 12-ാം ക്ലാസ്സുവരെ നീണ്ടുനിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. മക്കളെ കൃത്യമായി വിശ്വാസ പരിശീലനത്തിനയക്കുമ്പോഴും മാതാപിതാക്കൾക്ക് കൃത്യമായ മതബോധന സങ്കൽപ്പമുണ്ടോയെന്നത് സംശയകരമാണ്. പല മാതാപിതാക്കളും ചോദിക്കാറുണ്ട്. "വേദപാഠം പഠിച്ചിട്ട് എന്തുഗുണം." ഏതെങ്കിലും ഭൗതിക നേട്ടത്തിനായല്ല, മറിച്ച് നമ്മുടെ മക്കളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തുക എന്നതാണ് വിശ്വാസ പരിശീലന ക്ലാസ്സുകൾവഴി നാം ലക്ഷ്യം വയ്ക്കുന്നത്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരാനായി മക്കളെ വിശ്വാസപരിശീലന ക്ലാസ്സുകളിലേക്കയക്കുന്ന മാതാപിതാക്കളായി എല്ലാവരും മാറുന്ന ഒരുകാലമാണ് നാം സ്വപ്നം കാണേണ്ടത്.

പ്രിയ മാതാപിതാക്കളെ, വിശ്വാസപരിശീലനത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ സംബന്ധിച്ച് ശരിയായ ഒരു അവബോധം നമുക്ക് ആവശ്യമുണ്ട്. വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് പോയി നല്ല മാർക്കു വാങ്ങുന്നതുകൊണ്ട് തീരുന്ന ഒന്നല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് (Behavioural Realm) വിശ്വാസപരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കൽപ്പന പഠിപ്പിച്ചാൽ അത് മതബോധനമാവില്ല മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് മതബോധന ക്ലാസ്സുകൾ ലക്ഷ്യം കാണുന്നത്. വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി മൂന്നു ഘട്ടങ്ങളിലൂടെ രക്ഷയിലേക്ക് കടന്നുവരണം.

1. ഈശോയെ അറിയുക: പഠനത്തിന്റെ മേഖലയാണിത്. ആകർഷകമായ ക്ലാസ്സ് അനുഭവങ്ങളിലൂടെയും വിശ്വാസതീക്ഷ്ണതയുള്ള വിശ്വാസ പരിശീലകരിലൂടെയും, വിവിധങ്ങളായ പഠന ഉപകരണങ്ങളിലൂടെയും കുട്ടികൾക്ക് നമ്മൾ ഈശോയെ പകർന്നുകൊടുക്കുന്നു.

2. ഈശോയെ ജീവിക്കുക: വിശ്വാസപരിശീലന ക്ലാസ്സുകളിൽ കുട്ടികൾ പഠിച്ചവ ജീവിതത്തിൽ പകർത്തുവാൻ പരിശ്രമിക്കണം. സ്വഭാവസവിശേഷതകൾ, കൂദാശകളുടെ സ്വീകരണം, സഭാത്മക ജീവിതം മുതലായവ എല്ലാം ഇത്തരുണത്തിൽ പരിഗണനാ വിഷയങ്ങളാകണം.

3. ഈശോയെ പകർന്നു നല്കുക: ഈശോയെ അറിയുകയും ജീവിക്കു കയും ചെയ്താൽ പോരാ, ഈശോയെ പങ്കുവയ്ക്കുവാൻ സാധിക്കണം. പാവങ്ങളുടെ പക്ഷംചേരൽ, കാരുണ്യപ്രവർത്തനങ്ങൾ, രോഗികളോടുള്ള പരിഗണന മുതലായവവഴി ഈശോയെ നാം പങ്കുവയ്ക്കണം.

ഒരു വിശ്വാസപരിശീലനകളരി പൂർണതയിലെത്താൻ ഈ മൂന്നു ഘടകങ്ങളും ആവശ്യമാണ്: ഈശോയെ അറിയുക... ഈശോയിൽ ജീവിക്കുക... ഈശോയെ പകർന്നു നല്കുക... ഇത്തരം ഒരു ജീവിതം ചെന്നെത്തി നില്ക്കുന്നത് ദൈവസന്നിധിയിലായിരിക്കും, അവിടുത്തെ രക്ഷയിലും സ്വർഗ്ഗരാജ്യത്തിലുമായിരിക്കും. അതുകൊണ്ടാണ് മാതാപിതാക്കൾ ബന്ധശ്രദ്ധരായാൽ മാത്രമേ വിശ്വാസപരിശീലനം വിജയിക്കൂ എന്ന് പറയുന്നത്.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ലപരിശീലനം കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാ സമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതി നുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സനേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥരായി വിശ്വാസരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും സന്യസ്തരെയും വൈദിക വിദ്യാർത്ഥികളെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും അവർക്ക് ധാരാളം ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയാണ് പതിവ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ നേരുന്നു. കുഞ്ഞുങ്ങൾ "ബാലനായി ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുക്കുടുംബം കൃപനല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ഞാൻ ആശീർവദിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ഏപ്രിൽ 24-ാം തീയതി വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 മെയ് 21-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3854/K-5/KCBC/OL/DS 05.04.2023

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശുക്രിസ്തുവിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും കൃപയും സമാധാനവും,

അദ്ധ്വാനത്തിൻെറ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ് ദിനത്തിന്റെയും, തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പ്പിച്ച പ്രഥമ ഉത്തരവാദിത്വം; "നട്ടു നനയ്ക്കാനും വളർത്താനും" ആണ് (ഉല്പ. 2:15). 'എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടുവിലയിരുത്തിയതിനെ" കാത്തു പാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചു വച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലും രക്ഷാകരകർമ്മത്തിലുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽ നിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്ക് വന്നപ്പോഴാണ് തൊഴിലിന് പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നും നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽ മേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക - സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ

പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽ നിന്നും 35 കോടിയായി വർധിച്ചു. അതേസമയം ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയി വർദ്ധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിൻെറ 3 ശതമാനം മാത്രം ഉള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം മാത്രമുള്ള അതിസമ്പന്ന രാണ് രാജ്യത്തെ സമ്പത്തിൻെറ 40 ശതമാനവും കൈവശമാക്കി യിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്ക രിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥ കളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്ക് പിന്തുണ നൽകുന്നവരെയും ദേശവിരു ദ്ധരും വികസന വിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്ക വിധത്തിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളു.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായി രുന്നു കേരളത്തിലെ അസംഘടിത തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ടില്ലായെന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതംഅടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു.

ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹിക സുരക്ഷാപെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെവയ്യ. അധികാരികൾക്ക് തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമ്മിക ചുമതലയുണ്ട്.

6. തൊഴിലാളി സൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു.  കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ്ങ് സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലി ചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി. എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈവിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ ഈവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷകരാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്ക് വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത് ഖേദകരമാണ്. 'മൂലധനത്തേക്കാളും, മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന് സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തൊ സി 128). ചില വിഭാഗം തൊഴിലാളികളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയരൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും, കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണ്ണമായും ഇല്ലാതാക്കേണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലിചെയ്യുന്നത്. യുവജന കുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസി ക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ തന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥിതൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പത് ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമ്മിക്കാനാണ്", ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ – പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സി.ബി.സി.ഐ. ലേബർകമ്മീഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും, തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ച് കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ്പോളിസി' നടപ്പിലാക്കാൻ

വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽ ചെയ്യുന്ന പ്രവാസി തൊഴിലാളി സംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം.ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാരൂപതകളിലും, ഫൊറോന ആസ്ഥാനങ്ങളിലും, സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ് ദിനത്തോടനുബന്ധിച്ച് തൊഴിലാളി സംഗമങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നടത്തുന്നത് നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോട് സർവാത്മന സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും പ്രത്യേകമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: 2023 ഏപ്രിൽ 30 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

Ref: 3857/K-35/KCBC/OL/DS 21.04.2023

# കേരള സഭാനവീകരണം 2022–2025

## ദിവ്യകാരുണ്യ കോൺഗ്രസിനെ സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ കേരളസഭയിൽ ആരംഭിച്ചിരിക്കുന്ന നവീകരണ പ്രവർത്തന ങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തിയായി. കേരളസഭാ നവീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാർഗരേഖയുടെ വെളിച്ചത്തിൽ സംഘടിപ്പിച്ച പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ 2025 വരെ സംസ്ഥാന - രൂപത - ഇടവക - കുടുംബതലങ്ങളിൽ നടപ്പിൽ വരുത്തേണ്ട പ്രവർത്തന പദ്ധതി (Action Plan)ക്ക് രൂപം കൊടുത്തു. അതിന്റെ കോപ്പികൾ രൂപതകളിൽ ഇതിനോടകം കിട്ടിക്കാണും എന്നു പ്രതീക്ഷിക്കുന്നു.

'കുടുംബ വിശുദ്ധീകരണത്തിലൂടെ സഭാ നവീകരണം' എന്നതാണ് പ്രവർത്തന പദ്ധതികളുടെ മുഴുവൻ ലക്ഷ്യമായി കാണേണ്ടത്. ക്രിസ്തുവിൽ നവീകരിക്കപ്പെട്ട കുടുംബങ്ങളിലൂടെ മാത്രമേ നവീകൃതമായ ഒരു സഭയെ കെട്ടിപ്പടുക്കാൻ നമുക്ക് കഴിയുകയുള്ളൂ ഇതിന്റെ ഭാഗമായി ഓരോ രൂപതയിലും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ശുശ്രൂഷകളും സംവിധാന പ്രവർത്തനങ്ങളും സഭാനവീകരണത്തിന്റെ ചൈതന്യത്തിൽ പുനരാവിഷ്കരിക്കേണ്ടതുണ്ട്. അതോടൊപ്പം പ്രവർത്തന പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ഓരോ രൂപതയുടെയും പ്രത്യേക പശ്ചാത്തലമനുസരിച്ച് നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

### ദിവ്യകാരുണ്യ കോൺഗ്രസ്

'സഭ കുർബാനയിൽ നിന്ന് ജീവൻ സ്വീകരിക്കുന്നു' എന്ന യാഥാർത്ഥ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭാ നവീകരണത്തിന്റെ ഭാഗമായി 2023 ഡിസംബർ 1, 2, 3 തീയതികളിൽ ഒരു ദിവ്യകാരുണ്യ കോൺഗ്രസ് സംഘടി പ്പിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയായിരിക്കും സമ്മേളനവേദി. 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' (ലൂക്കാ 24:29) എന്ന ആപ്തവാക്യമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

ദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി എല്ലാ രൂപതകളിലും ഇടവകകളിലും ഇതിനായുള്ള ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി രൂപതാതലത്തിൽ ദിവ്യകാരുണ്യ സമ്മേളനങ്ങളും റാലിയും, ഇടവകതലത്തിൽ ദിവ്യകാരുണ്യ കൂട്ടായ്മകളും, 40 മണിക്കൂർ ആരാധനയും, ഏകദിന ആരാധനയും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

വല്ലാർപാടത്തുവച്ച് സംഘടിപ്പിക്കുന്ന കോൺഗ്രസിൽ ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന രീതിയിലാണ് പ്രതിനിധി (Delegates) കളെ തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം കേരളത്തിലെ അയ്യായിരത്തോളമുള്ള ഇടവകകളിൽ നിന്നായി 5000 പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. രൂപതാ പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ മുതിർന്നവരോടൊപ്പം യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇതുകൂടാതെ ശനി, ഞായർ ദിവസങ്ങളിൽ 2000 യുവജനങ്ങൾ ദിവ്യകാരുണ്യ ജാഗരണത്തിനായി സമ്മേളന വേദിയിൽ ഒത്തുചേരും. മാത്രമല്ല, കേരള സഭയിലെ എല്ലാ മെത്രാന്മാരും വൈദിക-സന്ന്യസ്ത പ്രതിനിധികളും, പ്രത്യേക പരിശീലനം നേടിയ 250 റിസോഴ്സ് ടീം അംഗങ്ങളും 500 വോളണ്ടിയർമാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

2023 ഡിസംബർ 1 ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് മൂന്നുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ എന്നീ ആറ് രൂപതകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 100 ഇടവകകളിലെ വിവിധ ഭവനങ്ങളിലായിരിക്കും.

## റിസോഴ്സ് ടീം പരിശീലനം

ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് വിഷയത്തെ സംബന്ധിച്ച കൃത്യമായ അറിവും പരിശീലനവും നൽകുന്നതിനായി 250 പേരടങ്ങുന്ന ഒരു റിസോഴ്സ് ടീമിന് രൂപം കൊടുക്കുന്നുണ്ട്. ഒരു രൂപതയിൽനിന്ന് നാലുപേർ വീതം എന്ന ക്രമത്തിലാണ് റിസോഴ്സ് ടീമിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ രണ്ടു വൈദികരും രണ്ടു അല്മായരും (പുരുഷനും സ്ത്രീയും) വൈദിക-സന്ന്യസ്ത സമർപ്പിത സമൂഹങ്ങളിൽ നിന്ന് ഒരു പ്രിതിനിധി വീതവും റിസോഴ്സ് ടീമിൽ അംഗങ്ങളായിരിക്കും.

തൃക്കാക്കര CST ജനറലേറ്റിൽ വച്ച് 2023 മെയ് 24 മുതൽ 26 വരെയായിരിക്കും റിസോഴ്സ് ടീമിന് പരിശീലനം നല്കുക.

കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്കു പ്രാർഥനാപൂർവം പങ്കുചേരാം. സഭയെ കാലത്തിനനുസൃതമായി നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവ് അതിനായി നമ്മെ പ്രാപ്തരാക്കട്ടെ. നവീകരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന-രൂപതാതലങ്ങളിൽ നേതൃത്വം നല്കുന്നവർക്കും സഹകരിച്ചു പ്രവർത്തിക്കുന്ന ഏവർക്കും നന്ദിയർപ്പിക്കുന്നു. സർവശക്തനായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682025

---

NB: 2023 മെയ് 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

മെയ് 2023

### 1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം ഈ വർഷം മെയ് മാസം 13-ാം ശനിയാഴ്ചയാണ്. മെയ് 13 ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് മെയ് 14 ഞായറാഴ്ച നിയമനപത്തേന്തി വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലം മാറ്റമുള്ള എല്ലാ വികാരിയച്ചന്മാരും സ്ഥലം മാറിപ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തേന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോം കൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുതഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. ചില ഫൊറോനകളിൽനിന്ന് അച്ചന്മാർ നിർദ്ദേശിച്ചതുപോലെ, നീക്കിയിരിപ്പ് പണവും താക്കോലും മറ്റും സ്ഥലം മാറിപ്പോകുന്ന വികാരി നടത്തുകൈക്കാരനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാരിയുടെ സാന്നിദ്ധ്യത്തിലാകുന്നത് നന്നായിരിക്കും.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

**2. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം**

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ ഉത്തരവാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പി എടുത്തു വയ്ക്കുകയും ചെയ്യണം.

**3. ജൂണിയർ വൈദികരുടെ കോഴ്സ് – 2013 ഡിസംബർ മുതൽ 2023 വരെ തിരുപ്പട്ടം സ്വീകരിച്ചവർ**

2012–2023 വർഷം തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2023 ജൂൺ 12 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരു മണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത ബാച്ചുകളിൽപെട്ട വൈദികർ ഈ ദിവസങ്ങൾ കോഴ്സിനായി മാറ്റിവയ്ക്കേണ്ടതാണ്.

**4. വി. മൂറോൻ**

2023 ഏപ്രിൽ 03-ാം തീയതി അഭിവന്ദ്യ പിതാവ് അടുത്ത വർഷത്തേക്ക് ദൈവാലയങ്ങളിൽ ഉപയോഗിക്കേണ്ട മൂറോൻ തൈലം വെഞ്ചരിച്ചു. ബഹു. ഫൊറോനാ വികാരിമാരുടെ കൈവശം ഇടവകകളിലേക്കുള്ള മൂറോൻ തൈലം കൊടുത്തുവിട്ടിട്ടുണ്ട്. 2023 മെയ് 10-ാം തീയതി മുതൽ പുതിയ മൂറോൻ തൈലമാണ് വി. കൂദാശകൾക്കായി ഉപയോഗിക്കേണ്ടത്.

**5. മതബോധന ഞായർ**

2023 മെയ് 28-ാം തീയതി ഞായറാഴ്ചയാണ് മതബോധന ഞായർ. അന്നേദിവസമാണ് ഈ അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. 28-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കുവാനായി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിലേയ്ക്ക് നല്കുമല്ലോ.

**6. ബഹു. വൈദികരുടെ അലവൻസ്**

2023 ഏപ്രിൽ മുതൽ ബഹു. വൈദികരുടെ അലവൻസ് ഈ വർഷത്തെ ഇൻക്രിമെന്റ് ഉൾപ്പടെ 14500/- രൂപയായിരിക്കും.

7. **ആദരാഞ്ജലികൾ**

**1. ശ്രീമതി അന്നമ്മ തോമസ് കളപ്പുരയ്ക്കൽ:** ബഹു. ജോർജ് തെക്കുംചേരിൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി അന്നമ്മ തോമസ് കളപ്പുരയ്ക്കൽ 2023 മാർച്ച് 18-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2023 മാർച്ച് 19-ാം കരുണാപുരം സെന്റ് ജൂഡ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരി യുടെ വേർപാടിൽ ദുഃഖിക്കുന്ന ജോർജ് അച്ചനും കുടുംബാംഗ ങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ അനുശോചനങ്ങൾ അറിയി ക്കുന്നു.

**2. ശ്രീ. ജോസ് വള്ളോപ്പിള്ളി:** ബഹു. പോൾ വള്ളോപ്പിള്ളി അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസ് വള്ളോപ്പിള്ളി 2023 മാർച്ച് 25 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 മാർച്ച് 26ന് ചട്ടമല ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറള ക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവി ന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന പ്രിയപ്പെട്ട പോളച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3. റവ. ഫാ. ജോസഫ് പ്ലാത്തോട്ടത്തിൽ:** അവിഭക്ത തലശ്ശേരി



അതിരൂപതാംഗമായിരുന്ന ബഹു. ജോസഫ് പ്ലാത്തോ ട്ടത്തിലച്ചൻ 2023 മാർച്ച് 28ന് നിര്യാതനായി. തല ശ്ശേരി അതിരൂപതയിലെ ആലക്കോട്, വെള്ളാട്, പാത്തൻപാറ, തടിക്കടവ് തുടങ്ങിയ ഇടവകകളിൽ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രുഷ കൾ 2023 മാർച്ച് 29ന് മാനന്തവാടി രൂപതയിലെ ബത്തേരി അസംപ്ഷൻ ദൈവാലയ സിമിത്തേരിയിൽ നടന്നു. ബഹു. ജോസച്ചന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**4. റവ. സി. ലിസാ മരിയ കാവനാടിയിൽ SH :** തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് തിരുഹൃദയ സന്ന്യാസസമൂഹാംഗമായ ബഹു. സി. ലിസാ മരിയ കാവനാടിയിൽ 2023 ഏപ്രിൽ 1-ാം തീയതി നിര്യാ



തയായി. തൊക്കിലങ്ങാടി ഭവനാംഗമായിരുന്നു. അനേകം മഠങ്ങളിലും വിവിധ മേഖലകളിലും സ്തുത്യർഹമായ സേവനമാണ് ബഹു. സി. ലിസാ മരിയ സഭയ്ക്ക് നല്കിയത്. 2023 ഏപ്രിൽ 1-ാം തീയതി പേരാവൂർ തിരുഹൃദയമഠത്തിലെ സിമിത്തേരിയിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. പ്രിയപ്പെട്ട സി. ലിസായുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. ശ്രീമതി ത്രേസ്യാമ്മ വെള്ളരിങ്ങാട്ട്:** ബഹു. ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ വെള്ളരിങ്ങാട്ട് 2023 ഏപ്രിൽ 5ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 ഏപ്രിൽ 8-ാം തീയതി പാലാവയൽ സെന്റ് ജോൺസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**6. ശ്രീ. ജോസ് വടക്കേമുറിയിൽ :** ബഹു. തോമസ് വടക്കേമുറിയിൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരൻ ശ്രീ. ജോസ് വടക്കേമുറിയിൽ 2023 ഏപ്രിൽ 7ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 ഏപ്രിൽ 8 ന് പേരാവൂർ സെന്റ് ജോസഫ്സ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദന്റെ വേർപാടിൽ ദുഃഖിക്കുന്ന തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.



**7. റവ. സി. ലിറ്റിൽ റോസ് SABS :** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ലിറ്റിൽ റോസ് മുത്തുമാക്കുഴി 2023 ഏപ്രിൽ 20ന് നിര്യാതയായി. ദീർഘകാലം റോമിലും പിന്നീട് തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിലും

ബഹു. സി. ലിറ്റിൽ റോസ് സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2023 ഏപ്രിൽ 21ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**8. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് മാടക്കച്ചേരി - 05-05-2002
2. റവ. ഫാ. അബ്രാഹം കാവളക്കാട്ട് - 06-05-1991
3. റവ. ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ - 06-05-2021
4. റവ. ഫാ. ജോസഫ് മാമ്പുഴ - 13-05-2007
5. റവ. ഫാ. സിറിയക് വാഴയിൽ - 14-05-2021
6. മോൺ. ജേക്കബ് പുത്തേട്ട് - 16-05-1989
7. മോൺ. തോമസ് പഴേപറമ്പിൽ - 22-05-1992
8. റവ. ഫാ. ജോൺ മണ്ണനാൽ - 23-05-2008
9. റവ. ഫാ. ജോസ് മാരാംകുഴ - 23-05-2012
10. റവ. ഫാ. മാത്യു നടുവിലേക്കുറ്റ് - 24-05-1997
11. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) - 25-05-2003
12. റവ. ഫാ. ജോർജ് താമരശ്ശേരി - 26-05-2008
13. റവ. ഫാ. ജോസഫ് മേമന - 27-05-2013

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെമിനാരി വാർത്തകൾ

### 1. ശുശ്രൂഷാ പട്ട സ്വീകരണം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 13 പേർ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കൈവയ്പ് വഴി ശുശ്രൂഷാ പട്ടം സ്വീകരിച്ചു. സഭയിൽ ശ്രേഷ്ഠമായ ശുശ്രൂഷ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷാമാർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

| | | |
|---|---|---|
| 1 | Anikuzhikattil Mathew (Noel) | Balal |
| 2 | Chellamkott Joseph (Abhilash) | Konnakad |
| 3 | Chempakassery Cheriyan (Amal) | Palathumkadavu |
| 4 | Chemplayil Mathew (Kiran) | Chemberi |
| 5 | Chintharmaniyil Thomas (Jithin) | Anamanjal |
| 6 | Chollampuzha Joseph (Jins) | Chully |
| 7 | Karingalikattil Joseph (Jiss) | Cherupuzha |
| 8 | Moonnanal Mathew | Thirumeni |
| 9 | Mullamkuzhy John (Abin) | Paduppu |
| 10 | Mundakkal Paul | Pathenpara |
| 11 | Thengumpallil George (Albin) | Kadumeni |
| 12 | Thuruthel Joseph (Ajesh) | Karikottakkary |
| 13 | Thypparambil Sebastian (Amal) | Manippara |

### 2. ദൈവവിളി ക്യാമ്പ്

നമ്മുടെ ഇടവകകളിൽനിന്നും പൗരോഹിത്യ-സമർപ്പിത ദൈവവിളി സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന കുട്ടികൾക്കും

യുവജനങ്ങൾക്കുമായി അതിരൂപതയിലെ 5 കേന്ദ്രങ്ങളിലായി മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിൽ ദൈവവിളി ക്യാമ്പുകൾ നടത്തി. 100 പെൺകുട്ടികൾ ഉൾപ്പെടെ അഞ്ഞൂറോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളെ ക്യാമ്പിന് അയച്ച ബഹു. വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും മതാധ്യാപകർക്കും നന്ദി പറയുന്നു. എറ്റവും ഫലപ്രദമായി ക്യാമ്പിന് നേതൃത്വം നല്കിയ വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും മേജർ സെമിനാരി വൈദികാർത്ഥികൾക്കും നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**3. മൈനർ സെമിനാരി സെലക്ഷൻ ക്യാമ്പ്**

നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് അതിരൂപതയ്ക്കു വേണ്ടി വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുവേണ്ടി ഏപ്രിൽ 18,19,20 തീയതികളിലായി മൈനർ സെമിനാരിയിൽ വച്ച് സെലക്ഷൻ ക്യാമ്പ് നടത്തി. 55 പേർ പങ്കെടുത്ത ക്യാമ്പിൽ നിന്നും അഭിവന്ദ്യ പിതാവ് 37 കുട്ടികളെ നമ്മുടെ അതിരൂപതാ മൈനർ സെമിനാരി യിലേയ്ക്ക് തിരഞ്ഞെടുത്തു.

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
*റെക്ടർ*
8304 871 142

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

### 1. റീജൻസി ബ്രദറിന് നന്ദി

2022 നവംബർ 14 മുതൽ 2023 ഏപ്രിൽ 14 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ ജസ്റ്റിൻ അരീക്കുഴുപ്പിലിന് ഹൃദ്യമായ നന്ദി. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ ജസ്റ്റിൻ നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു. റീജൻസിക്കായി പുതുതായി കടന്നു വന്നിരിക്കുന്ന ബ്രദർ അഖിൽ ഇല്ലിക്കലിന് ഹൃദ്യമായ സ്വാഗതം.

### 2. 2023 മതബോധന ഞായർ – മെയ് 28

2023–24 പ്രവർത്തനവർഷത്തെ വിശ്വാസ പരിശീലനപ്രവർത്തനങ്ങൾ മെയ് 28 ഞായറാഴ്ച ആരംഭിക്കുന്നു. അന്നേദിവസം സൺഡേ സ്കൂൾ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം സംഘടിപ്പിക്കുന്നത് ഉചിതമാണ്.

### 3. സ്റ്റാഫ് മീറ്റിംഗ്

സൺഡേ സ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ്

ഫിക്സേഷൻ നടത്തി പുതിയ അദ്ധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**4. പ്രവേശനോത്സവം**

2023-24 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 28 ഞായറാഴ്ചയോ ജൂൺ 4 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

**5. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് - ജൂൺ 10 ശനി**

2023-2024 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 10 ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിവിധ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**6. ആമുഖസെമിനാർ ജൂലൈ 6-9**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 6 മുതൽ 9 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 6-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 9-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

**7. ക്ലാസ്സ് 1-12 : വാർഷിക പരീക്ഷ - നന്ദി**

1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 9 മുതൽ 11 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**8. വിശ്വാസോത്സവം - നന്ദി**

ഏപ്രിൽ 10 മുതൽ 13 വരെ നടത്തിയ വിശ്വാസോത്സവം വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**9. ഹൃദയപൂർവ്വം നന്ദി**

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 17-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ കബറിടതീർത്ഥാടനത്തിനും കുടിയേറ്റ അനുസ്മരണ എക്സിബിഷനിലും പങ്കെടുക്കുവാനായി

തലശ്ശേരിയിൽ വന്ന 10, 11 ക്ലാസ്സുകളിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ എല്ലാ കുട്ടികൾക്കും അവരെ കൊണ്ടുവന്ന വിശ്വാസപരിശീലകർക്കും കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും നന്ദി. തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച ബിഷപ്പ്സ് ഹൗസ്, സന്ദേശഭവൻ, മൈനർ സെമിനാരി എന്നിവിടങ്ങളിലെ ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കും നന്ദി.

## 10. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 11. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും മെയ് 30 മുതൽ ജൂൺ 2 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. മെയ് 28 ഞായറാഴ്ച തന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

NB: നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിന് സഹായിക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

## 12. പാഠപുസ്തകങ്ങളുടെ വില

| | |
|---|---|
| ക്ലാസ്സ് I - III | : 40 രൂപ |
| ക്ലാസ്സ് IV - XII | : 45 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 50 രൂപ |
| ഉപപാഠപുസ്തകങ്ങൾ | : 30 രൂപ |
| ജീവന്റെ അപ്പം | : 60 രൂപ |

## 13. അവധിക്കാല വേദപാഠം - നന്ദി

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ

കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 17 മുതൽ 21 വരെയുള്ള തീയതികളിൽ പേരാവൂർ മൗണ്ട് കാർമൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. 85 കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു.

## 14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## 15. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 16. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 15-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 17. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേസ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് മാസം 15-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 18. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ

**പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് മാസം 15- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 19. ഉണർവ് 2023 - കുട്ടികൾക്കുള്ള അവധിക്കാല ധ്യാനം

മെയ് 1-നും 29-നും ഇടയ്ക്കുള്ള തീയതികളിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ക്രിസ്റ്റീൻ ധ്യാനം (മൂന്ന് ദിവസം) നടത്തുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, സെമിനാരിക്കാർ, അല്മായ സഹോദരങ്ങൾ എന്നിവരടങ്ങുന്ന ടീമിനെയാണ് സജ്ജമാക്കുന്നത്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

## 21. ആദരാഞ്ജലികൾ

കാറപകടത്തിൽ മരിച്ച പാലത്തുംകടവ് സൺഡേ സ്കൂൾ വിശ്വാസ പരിശീലകൻ അഡോൺ ബെസ്റ്റി ചെന്നേലിൽ സാറിന്റെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

## 22. നന്ദി, നല്ല അവധിക്കാലം

2022-2023 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്റ്റോലേറ്റ്

**സഭാനവീകരണ ധ്യാനങ്ങൾ**

സഭാനവീകരണം ലക്ഷ്യമാക്കി തലശ്ശേരി അതിരൂപതയിൽ നടത്തി വരുന്ന നവീകരണധ്യാനം ആറു ഫൊറോനകളിൽ വിജയകരമായി പൂർത്തിയായിരിക്കുകയാണ്. സഭാ നവീകരണ ധ്യാനത്തിന്റ ചുമതല വഹിക്കുന്ന മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഡോ. ടോം ഓലിക്കരോട്ട് എന്നിവരാണ് ധ്യാനവിജയത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയത്. ചെമ്പന്തൊട്ടി ഫൊറോനയിൽ, മാർച്ച് 30 മുതൽ ഏപ്രിൽ 2 വരെ 11 സെന്ററുകളിലായി സഭാ നവീകരണധ്യാനങ്ങൾ നടന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പാംപ്ലാനി എല്ലാ ധ്യാനസെന്ററുകളിലും അജപാലന സന്ദർശനം നടത്തുകയും വചനസന്ദേശം നൽകുകയും ചെയ്തു എന്നത് പ്രത്യേകം പരാമർശവ്യമാണ്. അഭിവന്ദ്യ പിതാവിന്റെ അജപാലന തീക്ഷ്ണതയെ നന്ദിയോടെ ഓർക്കുന്നു. ധ്യാനവിജയത്തിനായി പരിശ്രമിച്ച ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാർ, ധ്യാന ടീമംഗങ്ങളായ ബഹു. വൈദികർ, സമർപ്പിതർ, ഗാനശുശ്രൂഷകർ, ഹോംമിഷൻ നടത്തിയ സിസ്റ്റേഴ്സ്, കൈക്കാരന്മാർ തുടങ്ങി എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. ധ്യാനം വിജയിപ്പിക്കുന്നതിനായി നിസ്വാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത ചെമ്പന്തൊട്ടി ഫൊറോന വികാരി ബഹു. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനും ഹൃദയം നിറഞ്ഞ നന്ദി.

**ലോഗോസ് ബൈബിൾ ക്വിസ്-2023**

23-ാമത് ലോഗോസ് ക്വിസ് ഈ വർഷം കൂടുതൽ കാര്യക്ഷമമായും ജനപങ്കാളിത്തത്തോടെയും നടത്തുവാൻ കെ. സി.ബി.സി

ബൈബിൾ സൊസൈറ്റി തീരുമാനിച്ചിരിക്കുകയാണ്. വിശുദ്ധ ബൈബിൾ പരമാവധി വിശ്വാസികളിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മുൻവർഷത്തേക്കാളധികം പങ്കാളിത്തത്തോടെ നമ്മുടെ അതിരൂപതയിലും ഈ വർഷം ലോഗോസ് ക്വിസ് സംഘടിപ്പിക്കണമെന്നാണ് അഭിവന്ദ്യ പിതാവിന്റെയും ആഗ്രഹം. വചനാധിഷ്ഠിതമായി ജീവിതം കരുപ്പിടിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിശ്വാസികൾക്കു ലഭ്യമാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യവുമാണല്ലോ. അതിനാൽ കൂടുതൽ കാര്യക്ഷമമായി വചനം പഠിക്കുന്നതിനും ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നതിനുമുള്ള പ്രായോഗിക കർമ്മപരിപാടികൾ ഇടവകാതലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സൺഡേസ്ക്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും ലോഗോസ് ക്വിസിൽ പങ്കെടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതുപോലെ തന്നെ മുതിർന്നവരെയും പരാമാവധി പങ്കെടുപ്പിക്കണം.

ലോഗോസ് ക്വിസ് - 2023 വിജയിപ്പിക്കുന്നതിന് ബഹു. വികാരിയച്ചന്മാർക്കൊപ്പം സൺഡേസ്ക്കൂൾ അധ്യാപകർ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകണം. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾ ചെയ്യുന്നതിന് ഒരു ടീമിനെ ചുമതലപ്പെടുത്താവുന്നതാണ്. ലോഗോസ് ക്വിസ് പഠനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി തലശ്ശേരി അതിരൂപതാ **ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പഠനസഹായി താമസിയാതെ ലഭിക്കും. കോപ്പികൾക്ക് മുൻകൂട്ടി ഓർഡർ സ്വീകരിക്കുന്നതാണ് (ഫോൺ നമ്പർ: 8086312826). കൂടാതെ ഈ വർഷം അതിരൂപതാതല വിജയികൾക്ക് ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ക്യാഷ് അവാർഡും നൽകുന്നുണ്ട്.**

**ഈ വർഷത്തെ പഠനഭാഗങ്ങൾ**

1) ജോഷ്വ. 13-24 അധ്യായങ്ങൾ
2) പ്രഭാഷകൻ. 27-33 അധ്യായങ്ങൾ
3) ലൂക്കാ. 1-8 അധ്യായങ്ങൾ
4) 2 കൊറി. 1-6 അധ്യായങ്ങൾ

**പരീക്ഷാതീയതികൾ**

രൂപതാതലം : 2023 സെപ്റ്റം. 24, 2.00 pm-3.30 pm
സംസ്ഥാനതലം : 2023 നവംബർ 5, 18-19
രജിസ്ട്രേഷൻ : **2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ**

നിലവിൽ 10 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. അതിൽ ആളൊന്നിന് 5 രൂപാ വച്ച് പി.ഓ.സി യിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഈ വർഷം, രജിസ്ട്രേഷൻ സംബന്ധമായ ചിലവുകൾക്കായി ആളൊന്നിന് ഒരു രൂപാ വീതം ഇട

വകകൾക്ക് എടുക്കാവുന്നതാണ്.അതിനു ശേഷമുള്ള 9 രൂപയാണ് ബൈബിൾ അപ്പൊസ്റ്റോലേറ്റിൽ അടക്കേണ്ടത്.

### ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സെമസ്റ്റർ പരീക്ഷകൾ

ബി. റ്റി. എച്ച്, എം. റ്റി. എച്ച് സെമസ്റ്റർ റഗുലർ പരീക്ഷകൾ രണ്ടു രീതിയിൽ നടത്തപ്പെടുന്നതാണ്:

1. എഴുത്തു പരീക്ഷ മെയ് 15–ജൂൺ 15
2. ഓൺലൈൻ MCQ (Multiple Choice Questions) മെയ് 5–25

### തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2023 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 15 മുതൽ ആരംഭിക്കുന്നു.

### തിയോളജി കോഴ്സുകൾ

1. ഡിപ്ലോമ (തിയോളജി) – 6 മാസം
2. ബി.റ്റി.എച്ച് (ബിരുദം) – 3 വർഷം
3. എം.റ്റി.എച്ച് (ബിരുദാനന്തര ബിരുദം) –2 വർഷം

എം.ം റ്റി. എച്ച്-ന് ബിബ്ലിക്കൽ തിയോളജി, മോറൽ തിയോളജി എന്നീ രണ്ട് ഓപ്ഷനുകൾ ഉണ്ട്.

### പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Email - alphits@gmail.com, Ph: 9745363277, 8086312826.

## ബൈബിൾ സന്ധ്യ

കേരളസഭ നവീകരണവർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിനും ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

## ബൈബിൾ സ്കൂൾ

അതിരൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹകരണത്തോടെ, കുട്ടികളിൽ തിരുവചനത്തോടുള്ള ആഭിമുഖ്യം വളർത്തുകയും വചനത്തിന്റെ നിറവുള്ള ഒരു തലമുറയെ രൂപപ്പെടുത്തുകയും ചെയ്യുന്നതിനായി **ബൈബിൾ സ്കൂൾ** എന്ന പുതിയ സംരംഭം എല്ലാ ഇടവകകളിലും ആരംഭിക്കുകയാണ്. ബൈബിൾ സ്കൂളിന്റെ അതിരൂപതാതല ഉദ്ഘാടനം പെരുമ്പടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടത്തി. എല്ലാ ഇടവകകളിലും തിരുവചനം പഠിക്കാൻ ആഗ്രഹിക്കുന്ന തീക്ഷ്ണതയുള്ള കുട്ടികകളുടെ ഒരു സമൂഹത്തെ രൂപപ്പെടുത്തുകയും കൗമാരത്തിന്റെയും യൗവനത്തിന്റെയും പ്രലോഭനങ്ങളെ വചനത്തിന്റെ ശക്തിയാൽ മറികടക്കുന്നതിന് അവരെ പ്രാപ്തരാക്കുകയുമാണ് ബൈബിൾ സ്കൂളിന്റെ പ്രവർത്തനലക്ഷ്യം. മിഷൻ ലീഗിന്റെ ആനിമേറ്റർമാരായിരിക്കും ഇടവകാ തലത്തിൽ ബൈബിൾ സ്കൂളിന്റെ പ്രവർത്തനം സംഘടിപ്പിക്കുന്നത്.

## നന്ദി, സ്വാഗതം

ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ കഴിഞ്ഞ ആറുമാസക്കാലം ആത്മാർത്ഥ സേവനം ചെയ്ത ബ്രദർ ആൽബർട്ട് അഞ്ചുപ്ലാക്കലിന് ഹൃദയം നിറഞ്ഞ നന്ദി. പുതിയ പഠനമേഖലയിൽ ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. പുതിയതായി സേവനത്തിനെത്തിയിരിക്കുന്ന ബ്രദർ ജീവൻ അമ്പലുത്തുങ്കലിന് ഹൃദ്യമായ സ്വാഗതം. ഇരുവർക്കും നന്മകൾ നേരുന്നു.

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റോലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിണ്ണിലെ മഹത്വം ഏറ്റുവാങ്ങി മണ്ണിനെ വിണ്ണിന്റെ അതിസ്വാഭാവിക തലത്തിലേക്ക് ഉയർത്തിയ പരിശുദ്ധ അമ്മയുടെയും; ജന്മംകൊണ്ട് മഹത്വമാർന്നവനായ വി. യൗസേപ്പിതാവിന്റെയും; ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി. ഡൊമിനിക് സാവിയോയുടെയും തിരുനാൾ നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ... കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ കർമ്മ നിരതമായ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, "ജൂബിലി നിറവിൽ പ്രേഷിതരാകാം തോമാശ്ലീഹാതൻ വഴിയേ..." എന്ന 2022-23 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ചവെച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും .....

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഡൊമിനിക് സാവിയോ
പ്രാർത്ഥനാനിയോഗം : ലോകമെങ്ങുമുള്ള എല്ലാ പ്രേഷിത പ്രവർത്തനങ്ങൾക്കും വേണ്ടി
സുകൃതജപം : വി. യൗസേപ്പിതാവേ തൊഴിലാളികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
സുകൃതം : 75 സ്വർഗ്ഗ, 75 നന്മ, 75 ത്രിത്വസ്തുതി ചൊല്ലുന്നു.
വിശുദ്ധയെ അറിയാൻ : നവമാലിക 11-ാം അദ്ധ്യായം
സ്നേഹിക്കാൻ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 തിങ്കൾ : തൊഴിലാളിദിനം

06 ശനി : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

07 ഞായർ : ദൈവവിളി ദിനം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം

12 വെള്ളി : നേഴ്സസ് ദിനം

14 ഞായർ : കുടുംബ ദിനം

21 ഞായർ : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 8-ാം ചരമവാർഷികം

28 ഞായർ : പന്തക്കുസ്താ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, മേഖലാ ജൂനിയർ, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ മാനേജിംഗ് കമ്മറ്റി,

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2022 - 23 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5-ാം തീയതിയോടെ അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

- 2022 - 23 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽനിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10-ാം തീയതിയോടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയി

ട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- ♦ മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തീയതി ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.
- ♦ 2022-2023 പ്രവർത്തനവർഷത്തിൽ നിങ്ങളുടെ മേഖലകളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച് 1,2,3, സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ ലിസ്റ്റും കൂടി ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒപ്പോടുകൂടി മേഖലാ വാർഷിക റിപ്പോർട്ട് തരുന്നകൂടെ തരണം എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

### 5. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2023 - 2024 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ (ജൂനിയർ, സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. അഥവാ ആർക്കെങ്കിലും തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചില്ല എങ്കിൽ ജൂൺ ആദ്യആഴ്ച അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് നടത്തി ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോമിൽ എഴുതി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ വൈസ് ഡയറക്ടേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

### 6. അതിരൂപതാ മാനേജിംഗ് കമ്മറ്റി

ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 20-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമിപ്പിക്കട്ടെ. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 7. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)

അതിരൂപതയുടെ നേതൃത്വത്തിൽ ഈ മാസം നാല് റീജിയണുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 6 ക്ലാസ്സ് മുതൽ 9 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. സ്ഥലം, സമയം, തീയതി, മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**8. എയ്ഞ്ചൽസ് മീറ്റ് :** ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ

ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഈ മാസം ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

## 9. എം. ടി. സി മിഷൻ തീർത്ഥയാത്ര

ഏപ്രിൽ 17 മുതൽ 20 വരെ പനത്തടിയിൽ വച്ച് നടന്ന അതിരൂപതാ എം റ്റി സി ക്യാമ്പിൽ നിന്നും തിരഞ്ഞെടുത്ത 34 കുട്ടികളെ മെയ് 8 മുതൽ 11 വരെ തക്കല മിഷനിലേക്ക് തീർത്ഥാടനം കൊണ്ടുപോകുന്നു.

## 10. ക്രിസ്റ്റീൻ ധ്യാനം

5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും, വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ മെയ് 27 മുതൽ 29 വരെയും മെയ് 13 മുതൽ 16 വരെയും പരിയാരം മദർഹോമിൽ വച്ച് രണ്ട് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 650/- രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : മദർഹോം : **9446567101, 8606603101,** CML ഓഫീസ്: **8281255847** കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

## 11. ഹൃദ്യമായ സ്വാഗതം

എടൂർ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന അഗസ്റ്റിൻ അറയ്ക്കൽ അച്ചന് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 12. ജീവകാരുണ്യകൂപ്പൺ

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തിയ ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് ഏപ്രിൽ 15-ാം തിയതി ശനിയാഴ്ച സന്ദേശഭവനിൽ വച്ച് തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു. ബെന്നി പരത്തിനാൽ (കാഞ്ഞിരക്കൊല്ലി), ബേബി കല്ലൂർ (പയ്യാവൂർ), ജോസഫ് കാളിയാനിക്കൽ (ചെമ്പന്തൊട്ടി) ആദ്യത്തെ മൂന്ന് മെഗാ സമ്മാനങ്ങൾക്ക് അർഹരായി. മേഖല തിരിച്ച് ഓരോ ശാഖയ്ക്കും ഉള്ള പ്രോത്സാഹന സമ്മാനങ്ങൾ ഉടനെതന്നെ മേഖലകളിൽ എത്തിക്കുന്നതായിരിക്കും.

## 13. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും കുടിയേറ്റ അനുസ്മരണവും

തലശ്ശേരി അതിരൂപതാ പ്രഥമ മെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച തീർത്ഥാടനത്തിലും കുടിയേറ്റ അനുസ്മരണത്തിലും പങ്കെടുത്ത എല്ലാ കുഞ്ഞുമിഷനറിമാർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

**14. ശാഖാ സന്ദർശനങ്ങൾ:** 19.03.2023 ന് തോമാപുരം മേഖലയിലെ തയ്യേനി ശാഖ ഷിജോ സ്രായിൽ സന്ദർശിച്ചു.

**15. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**16. സംസ്ഥാന ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്**

16.04.2023 ന് ഞായറാഴ്ച ഗൂഗിൾ ഫോമിലൂടെ നടന്ന സംസ്ഥാന ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടറും, വൈസ്ഡയറക്ടറും പങ്കെടുത്തു.

**17. അതിരൂപതാതല എം റ്റി സി ക്യാമ്പ്**

2023 ഏപ്രിൽ 17 മുതൽ 20 വരെ പനത്തടി ശാഖയിൽ വെച്ച് നടന്ന അതിരൂപതാതല എം റ്റി സി ക്യാമ്പ് ഫൊറോന വികാരി റവ. ഫാ. തോമസ് പട്ടാംകുളം ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 17 ന് വൈകുന്നേരം 05.30 ന് അതിരൂപതാ പ്രസിഡന്റ് ശ്രീ ഷിജോ സ്രായിൽ പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയ്ത് സംസാരിച്ചു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി, മേഖലാ ഡയറക്ടർ ഫാ. മൈക്കിൾ മഞ്ഞക്കുന്നേൽ, സെന്റ് മേരീസ് സ്ക്കൂൾ പ്രിൻസിപ്പാൾ ഫാ. ജോസ് കളത്തിപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമാപനദിവസത്തെ പൊതുസമ്മേളനത്തിൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

17 മേഖലകളിൽ നിന്നുമായി ക്യാമ്പിൽ പങ്കെടുത്ത 100 കുട്ടികളിൽ നിന്ന് 34 കുട്ടികൾ വിശുദ്ധസ്ഥല തീർത്ഥാടനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിൻെറ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന പനത്തടി ഫൊറോന വികാരി ബഹു. തോമസ് പട്ടാംകുളം അച്ചനും, കൊച്ചച്ചനും, മേഖലാ ഡയറക്ടർ ബഹു. മൈക്കിൾ മഞ്ഞക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ഉള്ള എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, ക്യാമ്പ് നടത്തുന്നതിന് സെന്റ് മേരീസ് സ്കൂൾ വിട്ടുനൽകിയ CFIC വൈദികർക്കും സിസ്റ്റേഴ്സിനും, ഇടവകാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**18. മേഖലാ സന്ദർശനങ്ങൾ**

22.03.2023 ന് പനത്തടി മേഖല, 25.03.2023 ന് മേരിഗിരി മേഖല, 27.03.2023 ന് ചെറുപുഴ, ആലക്കോട്, വായാട്ടുപറമ്പ് എന്നീ മേഖലകളും, 07.04.2023 ന് ചെമ്പേരി മേഖല, അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**19. മേഖലാ കൗൺസിൽ വാർഷികം**

01.04.2023 ന് ചെമ്പേരി മേഖലാ കൗൺസിൽ - വാർഷികം നടന്നു.

**20. മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

25.03.2023 ന് ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വെച്ച് മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ചേർന്നു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും വൈസ്ഡയറക്ടേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**21. കൈത്താങ്ങ് :** പഞ്ചാബ് മിഷനിലെ കൊച്ചുകൂട്ടുകാർക്ക് അതിരൂപതയുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് പഠനോപകരണങ്ങൾ നൽകി.

**22. റൊസാരിയോ**

ശാഖകളുടെയും, മേഖലകളുടെയും നേതൃത്വത്തിൽ ശേഖരിച്ച ജപമാല പഞ്ചാബ് മിഷന് നൽകി. ഇതിനുവേണ്ടി സഹകരിച്ച എല്ലാ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിനും അതിരൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**23. മേഖലാ ഇലക്ഷൻ**

16.04.2023 ന് മേരിഗിരി മേഖല 2023-2025 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**24. പ്രതിഷേധം:** 18.03.2023 ന് ആലക്കോട് വെച്ച് നടന്ന കർഷകപ്രക്ഷോപത്തിലും, 20.03.23 ന് കണ്ണൂർ കളക്ട്രേറ്റിൽ കക്കുകളി നാടകത്തിനെതിരെ നടന്ന പ്രക്ഷോപത്തിലും അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**25. സെമിനാറുകൾ, ക്ലാസ്സുകൾ**

- 26.03.2023 ന് കൊട്ടോടി, കാഞ്ഞിരടുക്കം എന്നീ ശാഖകളിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ കുട്ടികൾക്ക് സെമിനാർ നടത്തി.
- 01.04.2023 ന് കാഞ്ഞങ്ങാട് മേഖല എം ടി സി ക്യാമ്പിലെ കുട്ടികൾക്ക് അതിരൂപതാ ജോ. സെക്രട്ടറി ജെസ്സി വട്ടക്കാട്ട് സെമിനാർ നടത്തി.

**26. ആദരാഞ്ജലികൾ**

മുൻ അതിരൂപതാ ഡയറക്ടർ ബഹു. പോൾ വള്ളോപ്പിള്ളി അച്ചന്റെ മരണം മൂലം വേർപിരിഞ്ഞ് പോയ വത്സല പിതാവ് ജോസ് വള്ളോപ്പിള്ളിയുടെ ആത്മശാന്തിക്കായി അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയ ഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചു കൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞു കൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാല സഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്

അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഡൊമിക്ക് സാവിയോ

പ്രാർത്ഥനാനിയോഗം : തൊഴിലാളികൾക്കുവേണ്ടി

സുകൃതജപം : എന്റെ ഉണ്ണീശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

വചനം : ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേ പടിയിരിക്കും അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും (വി. യോഹ 12: 24)

പ്രവൃത്തി : അവധിക്കാല ധ്യാനങ്ങളിലും, സെമിനാറുകളിലും സംബന്ധിക്കുക.

മനഃപാഠമാക്കുക : വചനം കാണാതെ പഠിക്കുക.

എയ്ഞ്ചൽസ് വോയ്സ് : വചനം പറയൽ മത്സരം നടത്തുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 തിങ്കൾ : തൊഴിലാളിദിനം
06 ശനി : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ
07 ഞായർ : ദൈവവിളി ദിനം
12 വെള്ളി : നേഴ്സസ് ദിനം
14 ഞായർ : കുടുംബ ദിനം
28 ഞായർ : പന്തക്കുസ്താ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം..... വലുതാകാം....**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2023 - 2024 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില പിന്നീട് അറിയിക്കുന്നതായിരിക്കും.

**3. തിരുബാലസഖ്യം മാർഗ്ഗരേഖ**

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2023 - 2024 പ്രവർത്തനവർഷ മാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. തിരുബാലസഖ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും മാർഗ്ഗരേഖയിൽ ആണ് നൽകിയിരിക്കുന്നത്.

**4. ശാഖാ ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2022 - 23 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും തിരുബാലസഖ്യത്തിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

മെയ് മാസം പരിശുദ്ധ അമ്മയ്ക്ക് സമർപ്പിക്കപ്പെട്ട മാസമാണല്ലോ. നമ്മുടെയൊക്കെ കുടുംബങ്ങളിൽ നിലനിന്നിരുന്ന ഒരു നല്ല പാരമ്പര്യമായിരുന്നു മെയ്മാസവണക്കം. പരിശുദ്ധ അമ്മയെ പ്രത്യേകം അനുസ്മരിച്ചുകൊണ്ട് മെയ്മാസറാണിക്ക് നമ്മെ തന്നെ നമുക്ക് സമർപ്പിക്കാം. പരിശുദ്ധ അമ്മയുടെ നന്മകളും സുകൃതങ്ങളും അനുസ്മരിക്കുന്നതോടൊപ്പം അവ നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കാൻ നമുക്ക് പരിശ്രമിക്കാം.

## ക്രിക്കറ്റ് ടൂർണമെന്റ്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ കായികപരിപാടികളുടെ ഭാഗമായി ക്രിക്കറ്റ് സംഘടിപ്പിക്കുന്നു. തോമാപുരം ഫൊറോനയുടെ നേതൃത്വത്തിലാണ് ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെടുന്നത്.

## മെഗാ യുവജന ദിനാഘോഷം

തലശ്ശേരി അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ ചെറുപുഴയിൽ വച്ച് മഹായുവജന സംഗമം നടത്തുന്നു. ചെറുപുഴ, തോമാപുരം, മാലോം, മേരിഗിരി ഫൊറോനകളും വെള്ളരിക്കുണ്ട്, ആലക്കോട്, വായാട്ടുപറമ്പ് ഫൊറോനകളിലെ യുവജനങ്ങളും പ്രധാനമായും, മറ്റ് ഫൊറോനകളിൽ നിന്ന് പ്രാതിനിധ്യ സ്വഭാവത്തിൽ യുവജനങ്ങൾ പങ്കെടുക്കും. 23 ന് നടന്ന സിൻഡിക്കേറ്റിൽ ചർച്ച നടത്തി തീരുമാനമെടുത്തു. വിശദമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## കൊട്ടത്തലച്ചി കുരിശുമല തീർത്ഥാടനം

ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന പുളിങ്ങോം കൊട്ടത്തലച്ചി മലയിലേക്ക്

കുരിശിന്റെ വഴി നടത്തി. കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതി രൂപതയുടെ ആഭിമുഖ്യത്തിൽ എല്ലാ ഫൊറോനയിലെയും യുവജനങ്ങൾ ഒന്നുചേർന്ന് പരിഹാര പീഡാസഹന യാത്ര നടത്തി. 2023 മാർച്ച് 22-ാം തീയതി ഉച്ചക്ക് 4 മണിക്ക് ചൂരപ്പടവ് വികാരി കുരിശിന്റെ വഴി പ്രാരംഭ പ്രാർത്ഥന നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ സമാപന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. കുരിശിന്റെ വഴി സന്ദേശം നൽകി കൊണ്ട് കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ സംസാരിച്ചു. അതിരൂപതാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ സമിതി അംഗ ങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവുമായി ചെറുപുഴ ഫൊറോന ഡയറക്ടർ, ഫൊറോന പ്രസിഡന്റ ആൽവിൻ ഫൊ റോന സമിതി അംഗങ്ങൾ, ചൂരപ്പടവ് യൂണിറ്റ് പ്രസിഡന്റ് മറ്റ് യൂണിറ്റ് ഭാര വാഹികൾ, യുവജന സുഹൃത്തുക്കൾ എല്ലാവർക്കും അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി...

**പ്രകൃതി സഹവാസ പഠന ക്യാമ്പ് (കാടോരം)**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 14,15,16 തീയതികളിലായി പ്രകൃതി സഹവാസ പഠനക്യാമ്പ് **കാടോരം** എന്ന പേരിൽ നടത്തപ്പെട്ടു. കുന്നോത്ത് ഫൊറോനയിലെ പാലത്തുംകടവ് യൂണിറ്റിൽവച്ച് നടന്ന ക്യാമ്പിൽ 60 യുവജനങ്ങൾ പങ്കെടുത്തു. പ്രകൃതി യോട് കൂടുതൽ ഇണങ്ങി ചേരുന്നതിനും യുവജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചത്. ഗ്രൂപ്പ് ആക്റ്റിവിറ്റീസ്, ട്രക്കിങ്ങ്, ഗെയിംസ്, ക്യാമ്പ് ഫയർ എന്നിവ യുവജനങ്ങൾക്ക് കൂടുതൽ ആവേശം പകർന്നു. ക്യാമ്പിന് ആതിഥേയത്വം വഹിച്ച കുന്നോത്ത് ഫൊറോനയുടെ പ്രസിഡന്റ് ആൻഡേഴ്സൺ മേച്ചേരി കുന്നേൽ, ഫൊറോന ഡയറക്ടർ റവ. ഫാ. ജിന്റോ പന്തലാനിക്കൽ, ഫൊറോന ഭാരവാഹികൾ, പാലത്തുംകടവ് യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ എല്ലാവർക്കും അതിരൂപതാ യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി..

## മോൺ. മാത്യു എം. ചാലിൽ പുരസ്ക്കാരം ബ്ലഡ് ഡൊണേഴ്സ് ട്രസ്റ്റിന്

മോൺ. മാത്യു എം. ചാലിൽ അച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി ഏർപ്പെടുത്തിയതാണ് മോൺ. മാത്യു എം. ചാലിൽ പുരസ്കാരം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ചനേട്ടം കൈവരിച്ചവർക്കായി ഏർപ്പെടുത്തിയ പുരസ്ക്കാരം ആദ്യമായി കരസ്ഥമാക്കിയത് പേരാവൂർ ഫൊറോനയിലെ കൊളക്കാട് ഇടവാകാംഗമായ ബിബിൻ തുറയ്ക്കൽ. ഫിസിക്സിൽ

പിഎച്ച്ഡി കരസ്ഥമാക്കിയ ബിബിൻ അന്തർദേശീയ തലത്തിൽ ആറ് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവാർഡും **10,000** രൂപയുമാണ് പുരസ്ക്കാരം.

### മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അവാർഡ്

അതിരൂപതാ കെസിവൈഎം മുൻ ഡയറക്ടറായിരുന്ന മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി സംഘടിപ്പിച്ചിരിക്കുന്നതാണ് ഈ അവാർഡ്. സാമൂഹ്യസേവന രംഗത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്. കേരള ബ്ലഡ് ഡൊണേഷൻ ചാരിറ്റബിൾ ട്രസ്റ്റ് കണ്ണൂർ അവാർഡും **10,000** രൂപയും കരസ്ഥമാക്കി.

### മികച്ച യുവജന കർഷകനുള്ള ടോമി നടുവത്ത് അവാർഡ്

അതിരൂപതാ കെസിവൈഎം 1993 വർഷത്തിലെ സെക്രട്ടറിയായിരുന്ന ടോമി നടുവത്ത് എന്ന യുവാവിന്റെ സ്മരണ നിലനിർത്തുന്നതിനായി ക്രമീകരിച്ചതാണ് യുവകർഷക അവാർഡ്. വെള്ളരിക്കുണ്ട് ഫൊറോനയിലെ ബളാൽ ഇടവകാംഗമായ ടോണി ചേപ്പുകാലായിൽ ആണ് ഈ വർഷത്തെ യുവകർഷക അവാർഡും, **7000** രൂപയും കരസ്ഥമാക്കിയത്.

### യൂത്ത് എക്സലൻസ് അവാർഡ്

മികച്ച യുവജന പ്രവർത്തകനുള്ള ജോൺസൺ ജെ ഓടയ്ക്കൽ – യൂത്ത് എക്സലൻസ് അവാർഡ്. കെസിവൈഎം-ന്റെ ആദ്യകാല അതിരൂപതാ പ്രസിഡന്റ് ആയിരുന്ന ജോൺസൺ ജെ. ഓടയ്ക്കലിന്റെ സ്മരണ നില നിർത്തുന്നതിനായി ഒരുക്കിയ ഈ അവാർഡ് വിപിൻ മാറുകാട്ടുകുന്നേലിന് നല്കി. കെസിവൈഎം മുൻ അതിരൂപതാ പ്രസിഡന്റും, മികച്ച യുവജന നേതാവും, രാഷ്ട്രിയ സാമൂഹ്യതലങ്ങളിലുള്ള ഇടപെടലുകൾ, സംസ്ഥാന കെസിവൈഎം പ്രസ്ഥാനവുമായുള്ള ബന്ധം, പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡ് നൽകിയത്.

### ജയിലുകളിൽ വിശുദ്ധവാര കർമ്മങ്ങൾ വിലക്കിയതിനെതിരെ പരാതി നൽകി

ജയിലുകളിൽ കഴിയുന്ന ക്രൈസ്തവർക്ക് മതപരമായ സേവനങ്ങൾ നിഷേധിച്ച ഡിജിപിയുടെ ഉത്തരവിനെതിരെ ഗവർണർ, മുഖ്യമന്ത്രി, ന്യുനപക്ഷവകുപ്പ് മന്ത്രി എന്നിവർക്ക് പരാതി നൽകി. വിശ്വാസപരമായ ആചാരങ്ങളെ നിഷേധിക്കുന്നത് മതേതരരാജ്യത്തിലെ മനുഷ്യാവകാശ ലംഘനം ആണെന്ന് ചൂണ്ടിക്കാട്ടിയാണ് പരാതി നൽകിയത്.

## വേളാംകണ്ണി തീർത്ഥയാത്ര സംഘടിപ്പിച്ചു

കെസിവൈഎം, എസ്എംവൈഎം മണിക്കടവ് ഫൊറോനയുടെ നേതൃത്വത്തിൽ മലയാറ്റൂർ, ഭരണങ്ങാനം, അരുവിത്തറ, രാമപുരം, വേളാങ്കണ്ണി തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. യുവജനങ്ങളോടൊപ്പം ധാരാളം വിശ്വാസികളും തീർത്ഥയാത്രയിൽ പങ്കെടുത്തു.

## ഡയാലിസിസ് രോഗികൾക്ക് കൈത്താങ്ങ്

മണിക്കടവ് ഫൊറോനയിലെ നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് സാമ്പത്തികസഹായം നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചു. ഈ പദ്ധതി യുടെ ഉദ്ഘാടനം മണിക്കടവ് ഫൊറോന ഡയറക്ടർ റവ. ഫാ. അലക്സ് നിരപ്പേൽ നിർവ്വഹിച്ചു.

## കുരിശുമല തീർത്ഥാടനം

വായാട്ടുപറമ്പ് ഫൊറോനയിലെ എല്ലാ സംഘടനയുടെയും നേതൃത്വ ത്തിൽ യുവജനങ്ങളും ചേർന്ന് പാലക്കയം തട്ടിലേയ്ക്ക് കുരിശിന്റെ വഴി നടത്തി. എമിരറ്റസ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് സന്ദേശം നൽകി.

## കരുണാലയം അഗതി മന്ദിര സന്ദർശനം

വായാട്ടുപറമ്പ് ഫൊറോനയിലെ ഭാരവാഹികളും സിൻഡിക്കേറ്റ് അംഗ ങ്ങളും ചേർന്ന് കരുണാലയം സന്ദർശിച്ചു. അന്തേവാസികൾക്കാവശ്യമായ നിത്യോപയോഗസാധനങ്ങൾ നൽകുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.

## സേവനപാതയിൽ – കോളയാട് ദൈവദാൻഭവൻ

വലിയ ആഴ്ചയിലെ സേവനപ്രവർത്തനങ്ങളുടെ ഭാഗമായി പേരാവൂർ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കോളയാട് ദൈവദാൻ വൃദ്ധസദനത്തിലേക്ക് ആവശ്യമായ ചിരട്ട സംഭരിച്ചു നൽകി.

## നൈറ്റ് വിജിൽ – ചെറുപുഴ

ചെറുപുഴ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ മുളപ്ര യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ധാരാളം യുവജനങ്ങൾ ആരാധ നയിലും, ക്ലാസ്സിലുമൊക്കെ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി.

## സായാഹ്ന യുവജന സംഗമം – Tea Time - മേരിഗിരി ഫൊറോനതല ഉദ്ഘാടനം

കാര്യാപ്പള്ളി യൂണിറ്റിൽ വച്ച് മേരിഗിരി ഫൊറോനയുടെ സായാഹ്ന യുവജന സംഗമം – Tea Time സംഘടിപ്പിച്ചു. യുവജനങ്ങളുടെ ഒത്തുചേരൽ വി. കുർബാനയോടെ ആരംഭിച്ചു. യുവജനങ്ങളുടെ കൂട്ടായ്മ വർദ്ധിക്കും

വിധം Group discussion, Games, entertainments തുടങ്ങിയവ സംഘ ടിപ്പിച്ചു.

### സായാഹ്ന യുവജന സംഗമം – Tea Time - ഫൊറോന തല ഉദ്ഘാട നം ചെമ്പന്തൊട്ടി

ചെമ്പന്തൊട്ടി ഫൊറോനയുടെ സായാഹ്ന യുവജന സംഗമം – Tea Time നെടുവാലൂർ സെന്റ് ജോസഫ് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. നൂറിലധികം യുവജനങ്ങൾ പങ്കെടുത്ത യുവജന കൂട്ടായ്മ വി. ബലിയോടെ ആരംഭിച്ചു. ക്രിയാത്മകമായ ചർച്ചകൾ, ഗെയിംസ്, കളികൾ എന്നിവയും യുവജന കൂട്ടായ്മയുടെ ഭാഗമായിരുന്നു.

### സായാഹ്ന യുവജന സംഗമം – Tea Time - എടൂർ ഫൊറോന തല ഉദ്ഘാടനം

എടൂർ ഫൊറോനയുടെ സായാഹ്ന യുവജന സംഗമം – Tea Time എടൂർ യൂണിറ്റിൽ വച്ച് സംഘടിപ്പിച്ചു. എല്ലാ യൂണിറ്റിലെയും യുവജനങ്ങൾ വളരെ ആവേശത്തോടെ യുവജന കൂട്ടായ്മയിൽ പങ്കെടുത്തു. കളിച്ചും, ചിരിച്ചും, പ്രാർത്ഥിച്ചും, സൗഹൃദങ്ങൾ പങ്കുവച്ചും, ചർച്ചകൾ നടത്തിയും ഈ സായാഹ്നം മനോഹരമാക്കി.

### സായാഹ്ന യുവജന സംഗമം – Tea Time

ചെറുപുഴ ഫൊറോനയിലെ തിരുമേനി, മുളപ്ര, താബോർ യൂണിറ്റുകൾ സംയുക്തമായി തിരുമേനി യൂണിറ്റിൽ വച്ച് സായാഹ്ന യുവജന സംഗമം – Tea Time ക്രമീകരിച്ചു. ധാരാളം യുവജനങ്ങൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചും, സൗഹൃദങ്ങൾ പങ്കുവച്ചും, ചർച്ചകൾ നടത്തിയും സംഗമം മനോഹരമാക്കി.

**Risen യുവജന സംഗമം** നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യൂണിറ്റുകളിൽ ദുഃഖശനിയാഴ്ച യുവജന കൂട്ടായ്മ സംഘടിപ്പിച്ചു. യുവജന പ്രവർത്തകരോടൊപ്പം അവധിക്കാലം ചെലവഴിക്കാൻ എത്തിയ യുവജന ങ്ങളും കൂട്ടായ്മയുടെ ഭാഗമായി പരിപാടികളിൽ പങ്കുചേർന്നു.

### നേത്ര പരിശോധന ക്യാമ്പ്

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വ ത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയുമായി സഹകരിച്ച് നേത്ര പരിശോധന ക്യാമ്പ് ഉളിക്കൽ യൂണിറ്റിൽ വച്ച് സംഘടിപ്പിച്ചു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I). മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

909 എം.പി.സി കോഴ്സ് മാർച്ച് 27 – 29 തീയതികളിൽ ഓൺലൈനായും 910 എം.പി.സി കോഴ്സ് ഏപ്രിൽ 20–22 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ചും നടക്കുകയുണ്ടായി. കോഴ്സുകളിൽ 547 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| **MPC 2023** | |
|---|---|
| May 25 - 27 | (Thursday, Saturday) Padannakkad |
| June 15 - 17 | (Thursday, Saturday) Thalassery |
| July 13 - 15 | (Thursday, Saturday) Padannakkad |
| August 17 -19 | (Thursday, Saturday) Thalassery |

## Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## II. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com
Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് പുതിയ പ്രവർത്തന വർഷവിജയത്തിനുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – ഉന്നത വിജയികളെ അനുമോദിക്കുക.

3. **മാതൃവേദി പ്രവർത്തന പദ്ധതി – മെയ് 2023**

01 – തൊഴിലാളി ദിനം – വി.യൗസേപ്പ്
വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതി.

14 – മാതൃദിനം

08 – അതിരൂപതാ ജനറൽബോഡി – തളിപ്പറമ്പ്

25-27 – എം.പി.സി – പടന്നക്കാട്

### 4. എക്സിക്യൂട്ടീവ് മീറ്റിംഗ്

ഏപ്രിൽ 1-ാം തീയതി അതിരൂപതയിലെ എല്ലാ മേഖല പ്രസിഡണ്ടുമാരുടെയും, ആനിമേറ്റർമാരുടെയും മീറ്റിംഗ് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. മാതൃവേദി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ 36 പേർ പങ്കുകൊണ്ടു.

### 5. മാതൃവേദി ജനറൽ ബോഡി

അതിരൂപതാ ജനറൽബോഡി യോഗം മെയ് 8 തിങ്കളാഴ്ച തളിപ്പറമ്പ് ഫൊറോന ദേവാലയത്തിൽവച്ച് രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. രൂപതാ മേഖല ഭാരവാഹികൾ മേഖല യൂണിറ്റ് ആനിമേറ്റർമാർ, യൂണിറ്റ് പ്രസിഡണ്ട്/പ്രതിനിധികൾ എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. 2022-23 വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള മേഖല, യൂണിറ്റ് അവാർഡുകൾ ഈ സമ്മേളനത്തിൽ വച്ച് നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**6. യാത്രാമംഗളങ്ങൾ**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി കഴിഞ്ഞ 5 മാസക്കാലം സ്തുത്യർഹമായ സേവനം ചെയ്ത് പൂർത്തിയാക്കി വൈദികവസ്ത്രം സ്വീകരിക്കാൻ ഒരുങ്ങുന്ന ബ്രദർ ഗോഡ്‌വിൻ വേങ്ങത്തടത്തിന് നന്ദിയും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**7. സ്വാഗതം**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി പുതുതായി കടന്നുവന്നിരിക്കുന്ന ബ്രദർ അലക്സ് കാവുകാട്ടിന് ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

## VI. അമല പ്രോലൈഫ്

### 1. എക്സിക്യൂട്ടീവ് മീറ്റിംഗ്

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 12-ാം തീയതി വൈകുന്നേരം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. ഡയറക്ടർ അച്ചൻ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ രൂപതാ ഭാരവാഹികൾ പങ്കുകൊണ്ടു.

**2. ജീവോപഹാരം**

പൂവത്തിങ്കൽ ബിജു - സെമെയ് (ചുള്ളി), കുന്നുംപുറത്ത് ബെന്നി - ജാസ്മിൻ (കുന്നോത്ത്), ചക്കാലയ്ക്കൽ ആന്റണി - റോസ് (കിളിയന്തറ) എന്നീ കുടുംബങ്ങൾക്ക് ജീവോപഹാരം നൽകി ആദരിച്ചു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അമല പ്രോലൈഫ് സമിതി അംഗങ്ങൾ ഈ ഭവനങ്ങൾ സന്ദർശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിവാദനങ്ങൾ അർപ്പിച്ചു.

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**1. അധ്യാപക സെലക്ഷൻ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലേക്ക് **മലയാളം, ഹിന്ദി, അറബി, സംസ്കൃതം** തസ്തികകളിലേക്ക് അധ്യാപക നിയമനത്തിന് സെലക്ഷൻ നടത്തുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് തലശ്ശേരി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. **2023 മെയ് 8-ാം തീയതി മുതൽ മെയ് 30-ാം തീയതി** വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ വിഷയങ്ങളുടെ സെലക്ഷൻ ഇതിനുമുമ്പ് നടന്നത് 2019 മെയ് മാസത്തിലാണ്. കഴിഞ്ഞ പരീക്ഷയിൽ പങ്കെടുത്തവരിൽ ഇതുവരെയും സ്ഥിരനിയമനം ലഭിക്കാത്തവർ വീണ്ടും പങ്കെടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഓരോ വിഷയത്തിന്റെയും പരീക്ഷ നടത്തുന്ന തീയതി അറിയിച്ച് ഉദ്യോഗാർത്ഥികൾക്ക് കത്ത് അയക്കുന്നതാണ്. പരീക്ഷ സംബന്ധിച്ച സംശയങ്ങൾക്ക് ഞായറാഴ്ച ഒഴികെ ബാക്കി ദിവസങ്ങളിൽ 3 മണി മുതൽ 4 മണി വരെയുള്ള സമയത്ത് 9446963970, 9446511672 നമ്പറുകളിൽ വിളിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട അച്ചന്മാർ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ പള്ളിയിൽ അറിയിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് അപേക്ഷിക്കുന്നു.

**രജിസ്ട്രേഷന് വരുമ്പോൾ കൊണ്ടുവരേണ്ട രേഖകൾ**

1. പാസ്സ്പോർട്ട് സൈസ് ഫോട്ടോ - 1
2. വികാരിയച്ചന്റെ കത്ത്
3. വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും കോപ്പി
4. കെ.ടെറ്റ് /സെറ്റ്/സി.ടെറ്റ്/എം.എഡ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്
5. വേദപാഠ ഡിപ്ലോമ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

## 2. വിദ്യാലയത്തിലെ ഉത്തരവാദിത്വങ്ങൾ

പുതിയ അധ്യയന വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാലഘട്ടമാണിത്. കഴിഞ്ഞ വർഷങ്ങളിലെ പോരായ്മകൾ പരിഹരിച്ച് പുത്തൻ ഉണർവ്വോടെ പുതിയ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്.

സ്കൂളിലെ മുഴുവൻ അധ്യാപകർക്കും ചുമതലകൾ കൃത്യമായി നൽകുക എന്ന ഉത്തരവാദിത്വം പ്രധാനധ്യാപകർക്കുണ്ട്. പ്രധാനധ്യാപകർ അടുത്ത വർഷത്തേക്കുള്ള ഡ്യൂട്ടിലിസ്റ്റ് മെയ് 5-ാം തീയതിക്കുമുമ്പ് തയ്യാറാക്കണം. ഡ്യൂട്ടികൾ ലഭിച്ച അധ്യാപകർ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്ലാനുകൾ തയ്യാറാക്കി മെയ് 10-ാംതീയതിക്കു മുൻപായി പ്രധാനാധ്യാപകന് നൽകണം. ചില അധ്യാപകർ ഉത്തരവാദിത്വങ്ങൾ ഒന്നും ഏറ്റെടുക്കാതെ മിനിമം പ്രവർത്തനങ്ങളുമായി വിദ്യാലയ പ്രവർത്തനങ്ങളിൽ നിന്ന് പരമാവധി ഒഴിഞ്ഞുമാറുന്ന പ്രവണത കാണിക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കും. ചിലർ വർഷങ്ങളായി ഒരേ ഉത്തരവാദിത്വം മാത്രം നിർവഹിക്കുന്നു. മറ്റ് യാതൊരു ചുമതലകളും നിർവഹിക്കാൻ തയ്യാറാകുന്നില്ല. ഇത് ഉചിതമല്ല. അതിനാൽ ഏതാനും വർഷങ്ങൾക്കുശേഷം പുതിയ ചുമതലകൾ ഏൽപ്പിക്കുന്നത് അഭികാമ്യം ആയിരിക്കും.

അധ്യാപകർക്ക് എല്ലാവർക്കും പരമാവധി ഡ്യൂട്ടികൾ നൽകണം. ഒരു ഡ്യൂട്ടി ഒന്നിലധികം അധ്യാപകർക്ക് നൽകണം. പ്രധാന അധ്യാപകർ നൽകുന്ന ഡ്യൂട്ടികൾ എല്ലാവരും ഏറ്റെടുക്കണം. എനിക്കിത് പറ്റില്ല, ഞാൻ ചെയ്യില്ല എന്ന് പറയാൻ ആർക്കും അവകാശമില്ല. പ്രധാനാധ്യാപകർ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങൾ എല്ലാവരും ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥരാണ്. ഡ്യൂട്ടികൾ കാര്യമായി ലഭിക്കാത്ത അധ്യാപകരാണ് പലപ്പോഴും എല്ലാറ്റിനെയും വിമർശിച്ച് മടിയന്മാരായി മാറുന്നത്. അതിനാൽ പ്രധാനാധ്യാപകർ ഏൽപിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.

കഴിഞ്ഞ അധ്യയന വർഷം ചില അധ്യാപകർ തങ്ങളുടെ ഉത്തരവാദിത്വനിർവഹണത്തിൽ വീഴ്ച വരുത്തിയതായി വിദ്യാലയ വിലയിരുത്തൽ സമയത്ത് എനിക്ക് മനസ്സിലായി. ഡ്യൂട്ടി ലിസ്റ്റിൽ പേരും ചുമതലയും ഉണ്ട്. എന്നാൽ അധ്യയന വർഷാവസാനംവരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ അലസരായി വിദ്യാലയങ്ങളിൽ കഴിയുന്ന അധ്യാപകരെ തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധ്യപ്പെടുത്തണം. ഇപ്രകാരം ചുമതലകളിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരെക്കുറിച്ചും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാത്തവരെക്കുറിച്ചുമുള്ള റിപ്പോർട്ട് പ്രധാനധ്യാപകർ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കണം. വിദ്യാലയങ്ങളിലെ ഉത്തരവാദിത്വങ്ങൾ തങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഏറ്റെടുക്കുകയും നിർവഹിക്കുകയും ചെയ്യുന്ന പ്രവർത്തനശൈലികൾ തിരുത്തണം. അധ്യാപകർക്ക് നിർവഹിക്കാവുന്ന ഉത്തരവാദിത്വങ്ങൾ മാത്രമേ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്നുള്ളു.

### 3. സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ എല്ലാ പ്രധാനാധ്യാപകരും കൊടുത്തിട്ടുണ്ടെന്ന് കരുതുന്നു. കൊടുക്കാത്തവർ എത്രയും പെട്ടെന്ന് നൽകേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ പ്രധാനാധ്യാപകരും ഓഫീസ് സ്റ്റാഫും ശ്രദ്ധിച്ച് നടപ്പിലാക്കണം.

1. 2022-23 അധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകൾ കൃത്യമാണോയെന്ന് പരിശോധിക്കണം.
2. 2022-23 ലെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിലെ അളവുകളിൽ തെറ്റുണ്ടെങ്കിൽ അതിലെ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.
3. ഹയർസെക്കണ്ടറികളും, ഹൈസ്കൂളുകളും തൊട്ടടുത്ത് പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഹയർസെക്കണ്ടറിക്ക് അത്യാവശ്യമുള്ള റൂമുകൾ പ്രത്യേകമായി വേർതിരിച്ച് ഫിറ്റ്നസ്സ് എടുക്കുക. ബാക്കിയുള്ള പരമാവധി റൂമുകൾ ഹൈസ്കൂൾ വിഭാഗത്തിനായി മാറ്റിവച്ച് രേഖകൾ തയ്യാറാക്കി ഫിറ്റ്നസ് എടുക്കുക.
4. ഫിറ്റ്നസ്രേഖ ലഭിക്കുമ്പോൾ അതിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടോയെന്ന് പരിശോധിക്കണം.
5. സ്കൂളുകളിൽ പല സെക്ഷനുകളായി കിടക്കുന്ന കെട്ടിടങ്ങൾ, റൂമുകൾ എന്നിവയുണ്ടെങ്കിൽ അവയുടെയെല്ലാം ഫിറ്റ്നസ് വാങ്ങണം.

### 4. മെയിന്റനൻസ് ഗ്രാന്റ്

മാർച്ച് മാസം അവസാനമായതോടെ പല സ്കൂളുകളിലും മെയിന്റനൻസ് ഗ്രാന്റ് ലഭിച്ചു തുടങ്ങി. എല്ലാ പ്രധാനാധ്യാപകരും അതത് സ്കൂളിനുള്ള മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ മെയിന്റനൻസ് തുക കിട്ടാനുണ്ടെങ്കിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിദ്യാഭ്യാസ ഓഫീസർമാരോട് ചോദിച്ചറിഞ്ഞ് അടിയന്തിരമായി നടപ്പിലാക്കണം. ചില സ്കൂളുകളിൽ അശ്രദ്ധയോടെ അപേക്ഷകൾ കൈകാര്യം ചെയ്തതുകൊണ്ട് മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ മടങ്ങിയതായി അറിയുന്നു. ഇത് ആവർത്തിക്കരുത്. അപേക്ഷ ജാഗ്രതയോടെ തയ്യാറാക്കി എത്രയും പെട്ടന്ന് സ്കൂളിന് ലഭിക്കേണ്ട തുക ലഭ്യമാക്കണം.

ബഹു. ലോക്കൽ മാനേജരച്ചൻ സ്കൂളിന്റെ പേരിൽ ഓപ്പറേറ്റ് ചെയ്യുന്ന അക്കൗണ്ട് ഉണ്ടെങ്കിൽ പ്രസ്തുത അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിക്കാൻ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് അനുവദിച്ചാൽ ആ അക്കൗണ്ട് നമ്പർ അപേക്ഷയിൽ എഴുതുന്നതാണ് നല്ലത്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്

**1. സാൻജോസ് അക്കാഡമി - വെള്ളരിക്കുണ്ട്**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് വെള്ളരിക്കുണ്ട് സെന്റ് ജൂഡ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ആരംഭിച്ചിരിക്കുന്നു. ഈ അക്കാഡമിയിൽ ജർമ്മൻ ഭാഷാപഠനം, IELTS, OET എന്നീ പരിശീലനങ്ങൾ ലഭ്യമാണ്. 25 കുട്ടികൾക്ക് അവസരം. ചേരാൻ ആഗ്രഹിക്കുന്നവർ ഉടനെ പേര് രജിസ്റ്റർ ചെയ്യുക.

**2. ജർമ്മൻ ഭാഷാ പരിശീലനം:** ജർമ്മൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ച് വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സാൻജോസ് അക്കാദമിയിൽ ഫെബ്രുവരി 1 ന് ആരംഭിക്കും. ഈ ബാച്ചിൽ 15 കുട്ടികൾക്കാണ് അവസരം

**3. IELTS, OET, UKVI:** IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **ഫോൺ : 8281 750 777, 8281 730 777.**

Sanjose Academy യിലെ German, IELTS ന്റെ പുതിയ ബാച്ചുകൾ എല്ലാ സെന്ററിലും ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക Mob: 8281 750 777. താഴെകൊടുത്തിരിക്കുന്ന ലിങ്ക് വഴി സീറ്റ് ബുക്ക് ചെയ്യുക. https://forms.gle/jcytLntiHFYDMED56

**4. എൻട്രൻസ് ക്രാഷ് കോഴ്സ്:** മെഡിക്കൽ എൻജിനീയറിങ് എൻട്രൻസ് ക്രാഷ് കോഴ്സ് വിജയകരമായി പൂർത്തിയായികൊണ്ടിരിക്കുന്നു.

**5. കരിയർ ഗൈഡൻസ് പ്രോഗ്രാം:** ഉപരിപഠന-ജോലി സാധ്യതകളെക്കുറിച്ച് പ്ലസ് ടു കുട്ടികൾക്ക് അറിവ് നൽകുന്നതിനായി സാൻജോസ് അക്കാദമിയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിച്ചു. പ്രോഗ്രാമിൽ 300 കുട്ടികൾ പങ്കെടുത്തു.

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

**MAR. JOSEPH PAMPLANY EDUCATIONAL SCHOLARSHIP**

| SCHOLARSHIP | | | Total Marks Scored In Plus One Physics, Mathematics, Chemistry Exams |
|---|---|---|---|
| Platinum | ₹ 2,65,400/- | Tution Fee 8650/- മാത്രം. | 95% & Above Marks |
| Daimond | ₹ 1,50,000/- | Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden | ₹ 60,000/- | Yearly 15000/- | 85% & Above Marks |
| Silver | ₹ 40,000/- | Yearly 10000/- | 80% & Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

## KEAM RANK SCHOLARSHIP 2023

| | |
|---|---|
| KEAM Rank 1- 5000 | : Scholarship : Entire College Fee |
| Rank 5001- 8000 | : Scholarship : 2,65,400/- (66,350x4 year) Tution Fee = Government Fee only |
| Rank 8001 - 10000 | : Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | : Scholarship : 20,000/- (5000x4 year) |

Web : www.vjec.ac.in Email: admission@vjec.ac.in

**പ്ലേസ്മെന്റ് വാർത്തകൾ April 2023**

FEDERAL BANK നടത്തിയ ക്യാംപസ് റിക്രൂട്മെന്റിലൂടെ 30 അവസാന വർഷ B. TECH വിദ്യാർത്ഥികൾ FINAL INTERVIEWൽ പങ്കെടുക്കുന്നതിനായി യോഗ്യത നേടി. FINAL ROUND INTERVIEW മെയ് മാസം 6–ാം തീയതിയോടെ നടത്തപ്പെടും.

IT & ഫിനാൻഷ്യൽ SERVICES മേഖലയിൽ പ്രവർത്തിക്കുന്ന CALICUT ഹൈലൈറ്റ് ബിസിനസ് പാർക്കിൽ നിന്നുള്ള കമ്പനിയായ MAVERIXPRO അവസാനവർഷ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 11 തീയതി ക്യാംപസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. 24 കുട്ടികൾ വിവിധ തസ്തികകളിലായി SHORT LIST ചെയ്യപ്പെട്ടിട്ടുണ്ട്. SELECTION PROCESS ജൂൺ ആദ്യ വാരത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ഗവൺമെന്റ് ഏജൻസിയായ KERALA KNOWLEDGE ECONOMY MISSION & വിമൽ ജ്യോതി PLACEMENT CELL എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ MALABAR മേഖലയിലെ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 26, 27 തീയതികളിൽ ഒരു JOB FAIR നടത്തുവാൻ പദ്ധതിയിടുന്നു. പത്തോളം കമ്പനികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ 500 ഓളം കുട്ടികളും പങ്കെടുക്കുമെന്ന് കരുതുന്നു.

ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ പബ്ലിക് സ്പീക്കിംഗ് ക്രിയാത്മക രചന എന്നീ മേഖലകളിൽ LIVE ONLINE ക്ലാസുകൾ നൽകുന്ന പ്രമുഖ കമ്പനിയായ PLANETSPARK വിവിധ ഒഴിവുകളിലേക്കായി APRIL 14 തീയതി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 60 ഓളം കുട്ടികൾ പങ്കെടുത്തു. 10 കുട്ടികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. SELECTION PROCESS മെയ് മാസം അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലോഞ്ചിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ ALGOMOX ഏപ്രിൽ മാസം എട്ടാം തീയതി നടത്തിയ ടെക്സ്റ്റിലൂടെ 10 കുട്ടികളെ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുത്തു.

FINAL ROUND INTERVIEW ഏപ്രിൽ 29 തീയതി നടക്കും. SELECTION LIST മെയ് മാസം ആദ്യവാരത്തോടെ ലഭ്യമാകുമെന്ന് കരുതുന്നു.

## വിമൽജ്യോതി വിദ്യാർത്ഥികൾ ഇലക്ട്രിക് ബൈക്ക് നിർമിച്ചു

ഇമ്പിരിയൽ സൊസൈറ്റി ഓഫ് ഇന്നവറ്റീവ് എഞ്ചിനീയർസ് ഇന്ത്യ (ISIE-INDIA) ഹീറോ ഇലക്ട്രിക് ഉം ചേർന്ന് സംയുക്തമായി നടത്തുന്ന ഗവേഷണ മത്സരത്തിൽ പങ്കെടുക്കുന്നതിനായി വിമൽ ജ്യോതിയിലെ മെക്കാനിക്കൽ വിഭാഗം വിദ്യാർത്ഥികൾ ഇലക്ട്രിക് ബൈക്ക് നിർമിച്ചു. മെക്കാനിക്കൽ വിഭാഗം അധ്യാപകരായ നിയാസ്, റോബിൻ, എന്നിവർ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അവസാനവർഷ വിദ്യാർത്ഥികളുടെ എന്നിവരുടെ കഠിനാധ്വാനമാണ് ഇലക്ട്രിക് ബൈക്ക് യഥാർഥ്യമാക്കിയത്. ഏകദേശം ഒന്നര ലക്ഷം രൂപ നിർമാണ ചിലവ് വന്നു ഈ ബൈക്കിന്റെ നിർമിതിക്ക്. വ്യവസായിക അടിസ്ഥാനത്തിൽ നിർമിക്കുകയാണെങ്കിൽ ഒരു ലക്ഷം രൂപയിൽ താഴെ ചിലവിൽ ഇത് നിർമിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏപ്രിൽ പതിനാലു മുതൽ ഉത്തർപ്രദേശിലെ നോയിഡയിൽ വച്ചു നടക്കുന്ന അഖിലേന്ത്യ മത്സരത്തിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലാണ് വിദ്യാർത്ഥികൾ.

## വിമൽ ജ്യോതിക്ക് വീണ്ടും ദേശീയ അംഗീകാരം

കേന്ദ്ര സർക്കാരിന്റെ ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഐഐടിയിൽ വച്ച് നടത്തപ്പെട്ട പ്രോജക്ട് എക്സ്പോയിൽ പങ്കെടുത്ത കേരളത്തിലെ കോളേജുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മൂന്ന് കോളേജുകളിൽ ഒന്ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് ആണ്. 'ലോകോസ്റ് ഓട്ടോമാറ്റഡ് എഗ്ഗ് ഹാച്ചറി യൂണിറ്റ് എന്ന വിമൽ ജ്യോതിയുടെ പ്രോജക്ട് ഐഐടി ഡൽഹി സംഘടിപ്പിച്ച 'ഉന്നത മഹോത്സവ" എക്സ്പോയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർഥിയായ അലൻ ജ്യോതിസ് പ്രൊജക്റ്റിന്റെ ഭാഗമായി വിദ്യാർത്ഥികളെ പ്രതിനിധീകരിച്ചു. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് മാനേജർ റവ. ഫാദർ ലാസർ വരമ്പകത്ത് കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർ വിദ്യ, എന്നിവർ അലൻ ജ്യോതിസിന് ഒപ്പം ഡൽഹി ഐടിഐ 2023 മാർച്ച് 17,18 തീയതികളിൽ നടത്തപ്പെട്ട പ്രോജക്ട് എക്സ്പോയിൽ പങ്കെടുത്തു.

## എം.ബി.എ. വാർത്തകൾ

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രഡിറ്റഡ് മാനേജ്മെന്റ് സ്ഥാപന മായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് റിസേർച്ചിൽ 2023-25 വർഷത്തേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70% മാർക്ക്

എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 80% മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം.ബി.എ. പഠനം പൂർത്തിയാക്കാവുന്നതാണ്. ആദ്യം അഡ്മിഷൻ എടുക്കുന്ന 20 പേർക്ക് ഗവൺമെന്റ് ഫീസിൽ (10500 രൂപ per semester). അടുത്ത 20 പേർക്ക് ലാപ്ടോപ് സൗജന്യമായി ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 9656786719, +8111918367.**

## വിമൽ ജ്യോതിയിൽ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്

ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങിന്റെ ഭാഗമായി വിമൽ ജ്യോതി എംബിഎ കോളേജിലെ 2-ാം വർഷ വിദ്യാർത്ഥികൾ മാർച്ച് മാസം 21 മുതൽ 25 വരെ മലേഷ്യ സന്ദർശിച്ചു. സന്ദർശനത്തിന്റെ ഭാഗമായി മലേഷ്യയിലെ പ്രശസ്തമായ ഏഷ്യ പസഫിക് യൂണിവേഴ്സിറ്റി സന്ദർശിക്കുകയുണ്ടായി. തുടർസഹകരണത്തിന് ഭാഗമായി കോളേജും ഏഷ്യ പസഫിക് യൂണിവേഴ്സിറ്റിയും തമ്മിൽ ഉഭയകക്ഷി കരാറിൽ ഒപ്പുവച്ചു. സന്ദർശനത്തിന് ഭാഗമായി മലേഷ്യയിലെ വിവിധങ്ങളായ ഇൻഡസ്ട്രികൾ വിദ്യാർത്ഥികൾ സന്ദർശിക്കുകയുണ്ടായി കോളേജ് അസിസ്റ്റൻറ് മാനേജർ ഫാ. സോണി വടശ്ശേരിയുടെയും അഡ്മിനിസ്ട്രേറ്റർ ഫാദർ ബിബിൻ തെക്കേടത്തിന്റെയും നേതൃത്വത്തിൽ വൈദികരും അധ്യാപകരും വിദ്യാർത്ഥികളെ അനുഗമിച്ചു. കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾ ഇൻഡസ്ട്രി ട്രെയിനിങ്ങിന്റെ ഭാഗമായി ബാംഗ്ലൂരിലെ വോൾവോ പ്രൊഡക്ഷൻ യൂണിറ്റ് സന്ദർശിക്കുകയുണ്ടായി. സന്ദർശനത്തിന് ഭാഗമായി ബാംഗ്ലൂരിലെ വിവിധ ഇൻഡസ്റ്റുകളും മൈസൂറിലെ പ്രധാനപ്പെട്ട സ്ഥലങ്ങളും വിദ്യാർത്ഥികൾ സന്ദർശിച്ചു.

## ടാലന്റ് ഡേയും യാത്രയയപ്പും വിമൽജ്യോതിയിൽ

വിമൽ ജ്യോതി എംപിയെ കോളേജിലെ 2021-23 ബാച്ച് വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് സമ്മേളനം കോളേജിന്റെ ബർസാർ ഫാ. ലാസർ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനത്തിൽ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ഫാ. സോണി വടശ്ശേരിയും അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്തും സംസാരിക്കുകയുണ്ടായി. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികളും സംഘടിപ്പിച്ചു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

*മാനേജർ*

# ഇൻഫാം

**ജനറൽ ബോഡിയോഗം:** കണ്ണൂർ ജില്ലാ ജനറൽ ബോഡിയോഗം 29.3.2023 ന് നടുവിൽ വച്ച് ചേർന്നു. ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ, ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കാർഷിക മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത യോഗ ത്തിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന് പൂർണ്ണ പിന്തുണ നല്കി. ഒരു കർഷക പ്രതിക്ഷേധ ധർണ്ണ കണ്ണൂർ കളക്ട്രേറ്റിന് മുമ്പിൽ സംഘടി പ്പിക്കുവാൻ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തി.

**കർഷക കോർണർ സമ്മേളനങ്ങൾ:** വിവിധ കർഷക വിഷയങ്ങൾ അവതരിപ്പിക്കുന്നതിനായി വിവിധ ടൗണുകൾ കേന്ദ്രീകരിച്ച് വിശദീ കരണ യോഗങ്ങൾ സംഘടിപ്പിക്കുക. അതോടൊപ്പം കർഷക സംഘ ങ്ങൾ രൂപീകരിച്ച് സംഘടനയെ ശക്തിപ്പെടുത്തുക.

**കാസർഗോഡ് ജില്ലാ കമ്മറ്റി:** കാസർഗോഡ് ജില്ലാ കമ്മിറ്റി ബഹു. ഇൻഫാം റീജണൽ ഡയറക്ടർ ജോൺസൺ അന്ത്യാംകുളം അച്ചന്റ നേതൃത്വത്തിൽ വെള്ളരിക്കുണ്ട് വച്ച് 6-4-2023 ന് നടത്തപ്പെട്ടു. ഇൻഫാം കാസർഗോഡ് ജില്ലാ നേതൃത്വവും. ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, ഇൻഫാം അതിരൂപത ഡയറക്ടർ ഫാ. തോമസ് ചെരുവിൽ, ഇൻഫാം മേഖല ഡയറക്ടർ ഫാ. ലൂയി മരിയദാസ് എന്നിവരും പങ്കെടുത്തു.

കേരള കർഷകർ ദാരിദ്രത്തിൽനിന്നും ദാരിദ്രത്തിലേയ്ക്ക് പോകുമ്പോഴും താങ്ങാൻ വയ്യാത്ത നികുതി ഭാരം നല്കി ജനത്തെ കഷ്ടപ്പെടുത്തുന്ന ഭരണനേതൃത്വവും - ഇതൊന്നും അറിയാത്ത പ്രതിപക്ഷവും. ഈ ഒരു സാഹചര്യത്തിൽ അതിജീവനത്തിനായി കർഷകർ ഒറ്റകെട്ടായി ഇൻഫാമിന്റെ പിന്നിൽ അണിനിരക്കേണ്ട സമയം അതിക്രമീകരിച്ചിരിക്കുന്നു.

**ശ്രീ. സ്കറിയ നെല്ലംകുഴിയിൽ**
*പ്രസിഡന്റ്*

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കത്തോലിക്കാ കോൺഗ്രസ് (എ. കെ. സി. സി.)

## കർഷകജ്വാല – അവലോകനയോഗം

മാർച്ച് 17ന് ആലക്കോട് വച്ച് നടന്ന കർഷകജ്വാലയുടെ അവലോകന യോഗം ഏപ്രിൽ 11 ന് ചൊവ്വാഴ്ച ഓൺലൈനായി നടത്തി. യോഗത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് പാസാക്കി. കർഷകജ്വാല ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ വിജയിപ്പിക്കുവാൻ കഴിഞ്ഞതിന്റെ കാരണം പതിനായിരകണക്കിന് ജനങ്ങളുടെ സാന്നിധ്യവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കർഷകർക്ക് വേണ്ടി നടത്തിയ പ്രസംഗവുമാണ് എന്ന് യോഗം വിലയിരുത്തി. പിതാവിനോടുള്ള നന്ദിയും കടപ്പാടും യോഗം രേഖപ്പെടുത്തി. ഈ പരിപാടിക്ക് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്ത ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി ഫൊറോന പള്ളി കളിലെ എല്ലാ ബഹു. വൈദികരോടും നന്ദി പ്രകാശിപ്പിക്കുന്നു. പരിപാടി യുടെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ച അതിരൂപതയിലെ എല്ലാ ബഹു. വൈദികരോടും അല്മായ നേതാക്കളോടും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

## അതിരൂപത സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

അതിരൂപത സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ആലക്കോട് സെന്റ് മേരിസ് പരീഷ് ഹാളിൽ വച്ചും, തലശ്ശേരി സന്ദേശഭവനിൽ വച്ചും ചേർന്നു. കത്തോലിക്കാ കോൺഗ്രസിന്റെ മുന്നോട്ടുള്ള പ്രവർത്തനം ശക്തിപ്പെടുത്തുവാനും, ഏപ്രിൽ 23ന് മാനന്തവാടിയിൽ വച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ അതിരൂപതയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു.

ഏപ്രിൽ 30ന് കത്തോലിക്ക കോൺഗ്രസ് സ്ഥാപകദിനം സമുചിതമായ ആചരിക്കുവാൻ തീരുമാനമെടുത്തു. അന്നേദിവസം എല്ലാ ഇടവകയിലും കർഷക ജ്വാല തെളിയിക്കണം.

## നല്ല സമറായനടുത്ത സന്ദർശനം

ചെറുപുഴ ഫൊറോനയിലെ പുളിങ്ങോം ഇടവകയിൽ താമസിക്കുന്ന കാട്ടാത്ത് ഷാജുവിന്റെ മകൻ എബിൻ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഈ ദുരന്തവാർത്ത അറിഞ്ഞ ഉടൻതന്നെ അതിരൂപതാ ഭാരവാഹികളും ഫൊറോന ഭാരവാഹികളും എബിന്റെ വീടുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും പോലീസ്, ഫോറസ്റ്റ് അധികാരികളുമായി ബന്ധപ്പെടുകയും ചെയ്തു. കൂടാതെ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ്, അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഇടവക വികാരി ഫാദർ ഇമ്മാനുവൽ പൂവത്തിങ്കൽ, അസിസ്റ്റന്റ് വികാരി, അതിരൂപത ഫൊറോന ഭാരവാഹികൾ എന്നിവർ എബിന്റെ വീട് സന്ദർശിച്ച് മാതാപിതാക്കളെയും സഹോദരനെയും ആശ്വസിപ്പിച്ചു. കുടുംബത്തിന് അവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ട എല്ലാ സഹായവും ചെയ്യാമെന്ന് വാഗ്ദാനവും നൽകി.

## ഹാർട്ട്ലിങ്ക്സ്

ഹാർട്ടലിങ്ങ്സ്ന്റെ പുതിയ അതിരൂപത കോർഡിനേറ്റർ സ്ഥാനത്തേക്ക് ചെമ്പേരി ഫൊറോന പ്രസിഡണ്ട് ജിമ്മി അയിത്തമറ്റത്തെ തെരഞ്ഞെടുത്തു. ജിമ്മിസാറിന് എല്ലാവിധ വിജയാശംസകളും പിന്തുണയും അറിയിക്കുന്നു.

ഹാർട്ടലിങ്ങ്സ് ചികിത്സാ ചെലവിലേക്കായി 25000 രൂപ ഒരു സഹോദരിക്ക് ഈ മാസം നൽകി.

## കണ്ണീർ നിവേദനം

കർഷകർ നേരിടുന്ന നിരവധി വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ലക്ഷത്തോളം ഒപ്പുകൾ ശേഖരിച്ച് പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും നൽകുവാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന് കൈമാറി.

റബറിന് കിലോയ്ക്ക് 300 രൂപയും, തേങ്ങായ്ക്ക് 50 രൂപയും, കുരുമുളകിന് 700 രൂപയും, കശുവണ്ടിക്ക് 200 രൂപയും, തറവിലെ നിശ്ചയിച്ച് വില സ്ഥിരത ഫണ്ട് ഏർപ്പെടുത്തണമെന്നും, വനാതിർത്തിയിൽ വന്യമൃഗങ്ങൾ കൃഷിയിടത്തിലേയ്ക്ക് കടക്കാതെ സംരക്ഷണഭിത്തി നിർമ്മിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടും.

| | |
|---|---|
| **അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| *പ്രസിഡണ്ട്* | *ഡയറക്ടർ* |

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**1. പ്രതിഷേധ കൂട്ടായ്മയും വഞ്ചനാദിനവും ആചരിച്ചു**

ഏപ്രിൽ ഒന്നിന് പ്രതിഷേധ കൂട്ടായ്മയും വഞ്ചനാദിനവും ആചരിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും സംയുക്ത മായി നടത്തിയ സമ്മേളനത്തിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. ചെമ്പേരിയിൽ ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഉദ്ഘാടനവും ജോർജ് പിണക്കാട്ട് അദ്ധ്യക്ഷതയും വഹിച്ചു.

**2. ബോധവത്ക്കരണക്ലാസ്സ്**

ദീപഗിരിയിൽ വിദ്യാർത്ഥികൾക്കായി മദ്യത്തിന്റെയും ലഹരി യുടെയും ദൂഷ്യങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ഏപ്രിൽ 5ന് നടന്ന ക്ലാസ്സ് ഡയറക്ടർ നയിച്ചു.

**3. എ.ഡി.എസ്.യു പ്രവർത്തക സമിതി മീറ്റിംഗ്**

എ.ഡി.എസ്.യു പ്രവർത്തക സമിതി മീറ്റിംഗ് ഏപ്രിൽ 10ന് തിങ്കളാഴ്ച തലശ്ശേരിയിൽ നടന്നു. മെയ്മാസ ക്യാമ്പിനെക്കുറിച്ച് ചർച്ച ചെയ്തു.

**4. അതിരൂപതാ ഭാരവാഹികളുടെ യോഗം**

ഏപ്രിൽ11ന് കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ ഭാരവാഹികളുടെയും യോഗം തലശ്ശേരിയിൽ നടന്നു. ആന്റണി മേൽവെട്ടം അധ്യക്ഷത വഹിച്ചു. തെരഞ്ഞെടുപ്പ് സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്തു. ഏപ്രിൽ 21ന് അതിരൂപതാ ഇലക്ഷൻ നടത്തി.

**5. ബോധവത്ക്കരണ സെമിനാർ**

13 ന് മാങ്ങോട് ഇടവകയിൽ മദ്യത്തിന്റെ ദൂഷ്യവശങ്ങളെ ക്കുറിച്ച് സെമിനാർ നടന്നു. മയക്കുമരുന്നിന്റെ ദുരന്തഫലങ്ങൾ ചിത്രീകരിച്ചു കൊണ്ടുള്ള പ്രോഗ്രാം ഉണ്ടായിരുന്നു. ഡയറക്ടർ നേതൃത്വം നല്കി.

**6. പേരാവൂരിൽ സെമിനാർ**

ഏപ്രിൽ 14ന് പേരാവൂരിൽ സെമിനാർ നടന്നു.

**7. മെയ് 5 ഭാരവാഹികളുടെ സ്ഥാനരോഹണവും നിലവിലുള്ളവർക്ക് ആദരവും നടക്കും**

മെയ് 5 വെള്ളിയാഴ്ച നിലവിലുള്ള ഭാരവാഹികളുടെ സ്ഥാനമാറ്റവും അവൾക്ക് ആദരവും നല്കും. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ആദരവ് നല്കും. തലശ്ശേരിയിൽ വെച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**8. നെല്ലിക്കാംപൊയിൽ മേഖലാ മീറ്റിംഗ്**

ഏപ്രിൽ 15ന് ഉളിക്കല്ലിൽ വെച്ച് മേഖലാ മീറ്റീംഗ് നടന്നു. പ്രസിഡണ്ട് ടോമി വെട്ടിക്കാട്ട് അധ്യക്ഷത വഹിച്ചു. ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി ദേവസ്യ തൈപ്പറമ്പിൽ, മോരിക്കുട്ടി ചാക്കോ പാലയ്ക്കലോടി എന്നിവർ പ്രസംഗിച്ചു. പരസ്പര സഹായനിധിയും നടത്തി.

**9. മികച്ച സ്കൂളുകൾക്കുള്ള അവാർഡ് നിർണ്ണയം മെയ് 4ന് തലശ്ശേരിയിൽ**

കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തെ മികച്ച എ.ഡി.എസ്.യു പ്രവർത്തന വും അവാർഡ് നടക്കും.

**10. മെയ് 4 മുതൽ 6 വരെ ക്യാമ്പ് തലശ്ശേരിയിൽ**

എ.ഡി.എസ്.യുവിന്റെ യു.പി വിഭാഗം കുട്ടികൾക്കുള്ള ക്യാമ്പ് മെയ് 4 മുതൽ 6 വരെ സന്ദേശഭവനിൽവച്ച് നടക്കും. ഫ. വിപിൻ വടക്കേപ്പറമ്പിൽ ആന്റ് ടീം ക്യാമ്പ് നയിക്കും.

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

**ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ**

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടർമാരുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ആരംഭിച്ച ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ 2023 ഏപ്രിൽ 22-ന് ഒരു വർഷം പൂർത്തിയാക്കിയിരിക്കുന്നു. ഏറ്റവും വിദഗ്ധമായ ചികിത്സയും സമീപനവും രോഗികൾക്ക് നൽകി മാതൃകാപരമായ പ്രവർത്തന ങ്ങളാൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ച ഡയാലിസിസ് സെന്ററിന്റെ മാനേജ്മെന്റിനും ടെക്നീഷ്യന്മാർക്കും സ്റ്റാഫ് അംഗങ്ങൾക്കും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അഭിനന്ദനങ്ങൾ.

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)

**ആശംസകൾ**

കഴിഞ്ഞ അഞ്ച് വർഷമായി TSSS-ന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിവരുന്ന സേവ് എ ഫാമിലി, SLF, CHAI, KLM, Caritas India തുടങ്ങിയ വിവിധ പ്രൊജക്ടുകൾ കൈകാര്യം ചെയ്യുകയും, TSSS മാതാ ട്രെയിനിംഗ് സെന്ററിന്റെ മേൽനോട്ടം നിർവ്വഹിക്കുകയും ചെയ്ത പ്രിയ ബഹു. ആഷ സിസ്റ്ററിന് പുതിയ സ്ഥലത്തേക്ക് മാറ്റം ലഭിച്ചിരിക്കുന്നു. 2023 ഏപ്രിൽ മാസത്തിൽ TSSS കൂട്ടായ്മയിൽനിന്നും ഔദ്യോഗികമായി യാത്രയായി രിക്കുന്ന സിസ്റ്ററിന് പുതിയ മേഖലയിലെ ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കട്ടെയെന്ന് പ്രത്യേകം ആശംസിക്കുന്നു. ഞങ്ങളോടൊപ്പമായിരുന്നുകൊണ്ട് ഇന്നോളം നൽകിവന്ന എല്ലാ സേവനത്തിനും സഹകരണങ്ങൾക്കും പ്രത്യേകം നന്ദി. പ്രിയ ബഹു. ആഷ സിസ്റ്ററിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ.

**SAJEEVAM റിവ്യൂ മീറ്റിംഗ്**

ആധുനിക സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വിപത്തിനെതിരെ കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എന്നിവയുടെ സഹകരണ ത്തോടെ **SAJEEVAM Anti-Drug Campaign**-ന്റെ ഭാഗമായി എറണാകുളത്ത് റിവ്യൂ മീറ്റിംഗ് സംഘടിപ്പിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ അദ്ധ്യക്ഷത വഹിക്കുകയും, കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി മീറ്റിംഗിന്റെ ഔദ്യോഗിക ഉദ്ഘാട നകർമ്മം നിർവ്വഹിക്കുകയും ചെയ്തു. കേരളത്തിലെ 32 രൂപതകളിൽ നിന്നായി SAJEEVAM കോ-ഓർഡിനേറ്റർമാർ സംബന്ധിച്ച മീറ്റിംഗിൽ TSSS-ന്റെ പ്രതിനിധിയായി SAJEEVAM കോ-ഓർഡിനേറ്റർ ശ്രീ. ജോജോ പങ്കെടുത്തു.

## കെ.എൽ.എം. ലീഡേഴ്സ് മീറ്റ്

ഗാർഹിക മേഖലകളിലെ വനിതകളെ അംഗങ്ങളായി KLM വനിതാ കൂട്ടായ്മ സംഘടിപ്പിക്കുന്നതിനും, കേരളത്തിലെ എല്ലാ രൂപതകളിലും ഇത്തരത്തിൽ കൂട്ടായ്മകൾ ആരംഭിക്കുന്നതിനുമായി കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ എറണാകുളത്ത് സ്റ്റേറ്റ് ലീഡേഴ്സ്മീറ്റ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതയിൽ KLM-ന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രതിനിധികളായി സ്റ്റാഫ് അംഗങ്ങളായ ശ്രീമതി വത്സമ്മ ടോമി, ശ്രീമതി ലിസ്സി ജിജി എന്നിവർ ലീഡേഴ്സ് മീറ്റിൽ പങ്കെടുത്തു.

## ആശാകിരണം ആരോഗ്യ ഇൻഷൂറൻസ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി വിവിധ ഇൻഷൂറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പ്രത്യേകമായി ആരംഭിക്കുന്നു. വർദ്ധിച്ചുവരുന്ന മെഡിക്കൽ ബില്ലുകളിൽ നിന്നും സുരക്ഷിതരാകുവാനും, പണമില്ലാത്തതിന്റെ പേരിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടാതിരിക്കുവാനുമായി അഞ്ച് ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതിയിലൂടെ TSSS ഒരുക്കുക. പ്രീമിയം തുക ഒന്നിച്ച് അടച്ച് അംഗത്വമെടുക്കുവാൻ സാധിക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽ നിന്നും പലിശ രഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷൂറൻസിൽ അംഗത്വമെടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനുള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും TSSS-ന്റെ യൂണിറ്റുകൾ വഴി നൽകുന്നു.

## ഇൻഷൂറൻസ് ലീഡേഴ്സ് ട്രെയിനിംഗ്

TSSS ഒരുക്കുന്ന ഏറ്റവും സുരക്ഷിതവും ലളിതവുമായ ആരോഗ്യ ഇൻഷൂറൻസ് പോളിസികൾ ജനങ്ങളിലേക്കെത്തിക്കുന്നതിനായി വിവിധ ഇൻഷൂറൻസ് പോളിസികളെക്കുറിച്ച് പരിചയപ്പെടുത്തുന്നതിനും, അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും TSSS മേഖലാ ഓഫീസുകളിൽവച്ച് ലീഡേഴ്സ് ട്രെയിനിംഗുകൾ സംഘടിപ്പിച്ചു. 2023 ഏപ്രിൽ 18, 19, 20 തീയതികളിലായി സംഘടിപ്പിച്ച ക്ലാസിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പങ്കെടുത്തുകൊണ്ട് പരിശീലനം കരസ്ഥമാക്കി. ഒന്നാം ദിവസം ഉച്ചയ്ക്ക് 2 മണിക്ക് വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം മേഖലകൾക്കും, രണ്ടാം ദിവസം ഉച്ചയ്ക്ക് 2 മണിക്ക് ആലക്കോട്, ചെറുപുഴ, മേരിഗിരി മേഖലകൾക്കും, മൂന്നാം ദിവസം ഉച്ചയ്ക്ക് 2 മണിക്ക് നെല്ലിക്കാംപൊയിൽ, ചെമ്പേരി, പൈസക്കരി എന്നീ മേഖലകൾക്കുമാണ് ട്രെയിനിംഗ് സംഘടിപ്പിച്ചത്.

**അഭിനന്ദനങ്ങൾ:** മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് TSSS പേരാവൂർ മേഖലയുടെ ആഭിമുഖ്യത്തിൽ പെരുമ്പുന്ന മൈത്രിഭവൻ വൃദ്ധസദനം സന്ദർശിക്കുകയും പുതിയ വസ്ത്രങ്ങളും ഭക്ഷ്യോത്പന്നങ്ങൾ നൽകുകയും ചെയ്തു. ഈ പുണ്യപ്രവൃത്തിക്ക് നേതൃത്വം നൽകിയ TSSS റീജിയണൽ ഡയറക്ടർ സെബാസ്റ്റ്യൻ പൊടിമറ്റം അച്ചനും പേരാവൂർ മേഖലാ ഭാരവാഹികൾക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ.

**ഫാമിലി കൗൺസിലിംഗ് സെന്ററിൽ അവസരം**

സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡിന്റെയും, മിനിസ്ട്രി ഓഫ് വുമൺ & ചൈൽഡ് ഡെവലപ്മെന്റിന്റെയും സഹകരണത്തോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന TSSS ഫാമിലി കൗൺസിലിംഗ് സെന്ററിലേക്ക് കൗൺസിലർക്ക് അവസരമൊരുക്കി. മിനിമം ഒരു വർഷം പ്രസ്തുത മേഖലയിൽ പ്രവൃത്തിപരിചയവും, MSW/ MA Psychology/MSc Psychology വിദ്യാഭ്യാസ യോഗ്യതയുമുള്ള ഉദ്യോഗാർ ത്ഥിയെ ഇന്റർവ്യൂ മുഖാന്തിരം തെരഞ്ഞെടുത്ത് നിർദ്ദിഷ്ട ചുമതലയിൽ നിയമിക്കുന്നു.

**ജൽ ജീവൻ മിഷൻ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ രാജ്യത്ത് എല്ലാ ഗ്രാമപഞ്ചായത്ത് പരിധികളിലേയും മുഴുവൻ കുടുംബങ്ങൾക്കും ടാപ്പ് കണക്ഷൻ വഴി ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ TSSS പൂർത്തീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ആലക്കോട്, ചെറുപുഴ, ഉദയഗിരി, പനത്തടി, കള്ളാർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത രണ്ടു വാർഡുകളിൽ വീതം സാമൂഹ്യ - രാഷ്ട്രീയ രംഗത്തെ പ്രമുഖരായ വ്യക്തികളെ ഒന്നിച്ചു ചേർത്ത് ജലസുരക്ഷയുടെ പ്രാധാന്യത്തെ ക്കുറിച്ചും പദ്ധതിയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചും കുടുംബശ്രീ പ്രവർത്ത കർക്കും നേതാക്കൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും, പഞ്ചായത്തുകളിൽ വഴിയരികിലൂടെ ബാനറുകൾ സ്ഥാപിക്കു കയും, മറ്റു വിവിധ പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ സംഘടിപ്പി ക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സജ്ജമാക്കുകയും ചെയ്തു.

**ആശാകിരണം കാൻസർ കെയർ ക്യാമ്പയിൻ**

കേരളത്തിലെ വിവിധ രൂപതകളെ ഉൾപ്പെടുത്തി ആശാകിരണം സംഘടിപ്പിച്ച നോർത്ത് ക്ലസ്റ്ററിലെ മീറ്റിംഗ് തലശ്ശേരിയിൽ സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഇൻചാർജ് ശ്രീ. അബീഷ് ആന്റണി അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. വിവിധ രൂപതകളുടെ പ്രതിനിധികൾ, TSSS ആശാകിരണം കോ-ഓർഡിനേറ്റർ സി. ആഷ, TSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോ മൗണ്ടൻ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്**

തലശ്ശേരി അതിരൂപതയുടെ കാർഷിക കൂട്ടായ്മയായി പ്രവർത്തനമാരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കായി കുന്നോത്ത് അനുവദിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കെട്ടിടത്തോടുചേർന്നുള്ള പത്ത് ഏക്കർ സ്ഥലത്ത് ഹരിത ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കൃത്യമായ ആശയവുമായി

**ഈസ്റ്റർ ആഘോഷം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഈസ്റ്റർ ആഘോഷം ഇത്തവണ ഇരിട്ടിയിൽ സംഘടിപ്പിച്ചു. TSSS-ന്റെ സഹകരണത്തോടെ സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന് കീഴിലെ മൈത്രിഭവൻ ഓൾഡ് ഏജ് ഹോമിലാണ് ഈസ്റ്റർ ആഘോഷിച്ചത്. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, കടത്തുംകടവ് ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഡയറക്ടർ ഫാ. തോമസ് മുണ്ടമറ്റം, സി. ഫിൽസി, സി. സോള, സച്ചിദാനന്ദ ട്രസ്റ്റിലെ സ്റ്റാഫ് അംഗങ്ങൾ എന്നിവർ ഓൾഡ് ഏജ് ഹോമിലെ അന്തേവാസികൾക്കൊപ്പം ഈസ്റ്റർ ആഘോഷിക്കുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

എത്തുന്ന ഏതൊരു പുതുസംരംഭകനും തങ്ങളുടെ സംരംഭത്തെ ഏറ്റവും എളുപ്പത്തിൽ ഇവിടെ ആരംഭിക്കുവാൻ സാധിക്കുന്നു. പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ജലം, കറണ്ട് കണക്ഷൻ, റോഡ് സൗകര്യം എന്നിവയും സംരംഭകർക്ക് ഇവിടെ ലഭ്യമാകുന്നു.

## ഡയറക്ടേഴ്സ് ബോർഡ് മീറ്റിംഗ്

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. ഗൂഗിൾ മീറ്റ് വഴി ഓൺലൈനായി സംഘടിപ്പിച്ച മീറ്റിംഗിൽ ബയോ മൗണ്ടൻ കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, ബോർഡ് മെമ്പർമാരായ ഫാ. ജോജി കാക്കരമറ്റത്തിൽ, ശ്രീ. ബിനോയ് മാട്ടേൽ, ഡോ. ബെനവൻ തുടങ്ങിയവർ പങ്കെടുത്തു.

## സെമിനാർ സംഘടിപ്പിച്ചു

ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ ഇടവകകളിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കച്ചേരിക്കടവിൽ സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. മാത്യു നരിക്കുഴി, ബയോ മൗണ്ടൻ കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, കച്ചേരിക്കടവ് TSSS ക്രെഡിറ്റ് യൂണിയൻ പ്രസിഡണ്ട് ശ്രീ. വിൽസൺ തുടങ്ങിയവർ പങ്കെടുത്തു.

## ബയോ മൗണ്ടൻ ടീ പൗഡർ വിതരണം

തലശ്ശേരി അതിരൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉൽപന്നമായ ബയോ മൗണ്ടൻ ടീ പൗഡർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിതരണം നടത്തിവരുന്നു. 250 ഗ്രാം തൂക്കം വരുന്ന ബോട്ടിലുകളിലും പാക്കറ്റുകളിലും ചായപ്പൊടി വിതരണം ചെയ്തുവരുന്നു. TSSS & ബയോ മൗണ്ടൻ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് ഇവ ലഭ്യമാക്കുക. അംഗങ്ങളെല്ലാവരും ബയോ മൗണ്ടൻ ചായപ്പൊടികൾ വാങ്ങി ഉപയോഗിച്ചുകൊണ്ട് ഈ കർഷക കൂട്ടായ്മയെ ഉയർച്ചയിലേക്ക് നയിക്കുന്നതിന് പ്രിയ ബഹുമാനപ്പെട്ട എല്ലാ അച്ചന്മാരുടെയും അംഗങ്ങളുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോസഫ് പാംപ്ലാനി

**മാർച്ച് 2023**

21 രാവിലെ തലശ്ശേരി ജോസ്ഗിരി നഴ്സിങ് സ്കൂളിന്റെ നവീകരിച്ച ചാപ്പലിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പുലിക്കരുമ്പയിലെത്തി അന്നമ്മ ആലിലക്കുഴിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ടിൽവച്ച് നടത്തപ്പെട്ട കരിസ്മാറ്റിക് കാസർഗോഡ് സോണിന്റെ കുരിശിന്റെ വഴി സമാപനത്തിൽ സന്ദേശം നൽകി.

22 അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

23 റീജൻസി ബ്രദേഴ്സുമായി അഭിമുഖം നടത്തി. തുടർന്ന് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പാളിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട രഘുവിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് അങ്ങാടിക്കടവ് ഇടവകയിൽ മരണപ്പെട്ട നെല്ലിക്കുന്നേൽ വർക്കിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. നവീകരണ ധ്യാനം നടക്കുന്ന പൈസക്കരി ഫൊറോനായിലെ എല്ലാ ദൈവാലയങ്ങളും സന്ദർശിച്ചു.

24 രാവിലെ അതിരൂപതാ കേന്ദ്രത്തിലെത്തിയ റബ്ബർ ബോർഡ് വൈസ് ചെയർമാനെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ദുബായിലേക്കു പുറപ്പെട്ടു.

24 ദുബായിൽവച്ച് നടത്തപ്പെട്ട ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാനചടങ്ങ് ഉദ്ഘാടനം ചെയ്തു.

25 ദുബായിലെ മലയാളി കമ്മ്യൂണിറ്റിക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു. തുടർന്ന് മതബോധന വിദ്യാർത്ഥികൾ, മതാധ്യാപകർ, മാതാപിതാക്കൾ എന്നിവർക്കുവേണ്ടി വിവിധ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

26-30 ജലന്തർ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നയിച്ചു.

31 പഞ്ചാബിലെ വിവിധ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. പട്യാലയിലെ മാമറിയം ദൈവാലയത്തിന്റെ അൾത്താര കൂദാശ ചെയ്തു.

**ഏപ്രിൽ 2023**

01 നവീകരണധ്യാനം നടക്കുന്ന ചെമ്പന്തൊട്ടി ഫൊറോനയിലെ നെടുവാലൂർ, ചേപ്പറമ്പ, മണ്ടളം, നടുവിൽ, വിളക്കന്നൂർ ദൈവാലയങ്ങൾ സന്ദർശിച്ചു.

02 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. നവീകരണ ധ്യാനം നടക്കുന്ന വെണ്ണക്കല്ല്, നെല്ലിക്കുന്ന്, ശ്രീകണ്ഠാപുരം, കോട്ടൂർ, കോട്ടൂർവയൽ, കരയത്തുംചാൽ, ചെമ്പന്തൊട്ടി ദൈവാലയങ്ങൾ സന്ദർശിച്ചു.

03 അതിരൂപതയിലെ ഡീക്കന്മാരുമായി അഭിമുഖം നടത്തി. കത്തീഡ്രൽ ദൈവാലയത്തിൽ മൂറോൻ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് ഫൊറോനാ വികാരിമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ കല്ലുമുതിരക്കുന്ന് ഇടവകയിൽവച്ച് നടത്തപ്പെട്ട കൺവെൻഷനിൽ വചനസന്ദേശം നൽകി. തുടർന്ന് തലശ്ശേരിയിൽവച്ച് ചേർന്ന സാങ്താ മാതാ നഴ്സിംഗ് കോളേജ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് അതിരൂപതയിലെ 13 വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടം നൽകി. പഞ്ചാബ് മിഷനുമായി ബന്ധപ്പെട്ട് നടത്തിയ ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് മൂന്നാംവർഷ വൈദിക വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

06 കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

07 കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണൂരിൽവച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി.

08 കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി വിശ്രമജീവിതത്തിലായിരിക്കുന്ന വൈദികരെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം പാലാവയലിൽവച്ച് ത്രേസ്യാമ്മ വെള്ളരിങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പേരാവൂ

രിൽ ജോസ് വടക്കേമുറിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

09 കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പുതിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ കണ്ണൂർ ഉർസുലൈൻ സ്കൂളിൽ വച്ച് അഗതികൾക്ക് ഭക്ഷണവും സഹായവും നൽകി ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കാർത്തികപുരം ഇടവകാ ദൈവാലയത്തിൽവച്ച് അനിറ്റ നിരപ്പേലിന് മാമ്മോദീസയും ആൽവിൻ ജോസ്, ആന്റോൺ ജോസ് എന്നിവർക്ക് ആദ്യകുർബ്ബാനയും നൽകി.

10 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വിശ്വാസപരിശീല കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച എക്സിബിഷനിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിൽ ഇടവകയിൽവച്ച് കളത്തിൽ വരുണിന്റെയും ആനന്ദഭവനിൽ സോനയുടെയും വിവാഹം ആശീർവ്വദിച്ചു.

11 ബഹു. തോമസ് തൈത്തോട്ടത്തിൽ അച്ചന്റെ ചേട്ടന്റെ ഓർമ്മദിവസം ചമ്പക്കുളം ഇടവകാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

12 രാവിലെ കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തപ്പെട്ട സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പുതുതായി പണികഴിപ്പിച്ച പേരട്ട സെന്റ് ആന്റണീസ് ദൈവാലയം കൂദാശ ചെയ്തു. തുടർന്ന് ജർമ്മനിയിൽവച്ച് മരണപ്പെട്ട അനിമോൾ മമ്പള്ളിക്കുന്നേലിന്റെ അങ്ങാടിക്കടവിലെ ഭവനം സന്ദർശിച്ചു. രാത്രിയോടെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

13 രാവിലെ നെല്ലിക്കാംപൊയിൽ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ട സി.എം.സി. സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് പുളിക്കൽ ആഷിദിന്റെയും തയ്യിൽ സൂര്യയുടെയും വിവാഹം ആശീർവ്വദിച്ചു.

14 രാവിലെ ബഹു. മോൺ. മാത്യു എം. ചാലിൽ അച്ചന്റെ അനുസ്മരണാർത്ഥം ചെമ്പേരി ഇടവകാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം താബോർ ഇടവകയുടെ ജൂബിലി ഉദ്ഘാടനം ചെയ്തു.

15 തലശ്ശേരി സന്ദേശഭവനിൽവച്ച് മിഷൻലീഗ് 2023 വർഷത്തെ സമ്മാനകൂപ്പൺ നറുക്കെടുപ്പ് നടത്തി. അതിരൂപതാ കേന്ദ്രത്തിലെത്തിയ കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരനെ സ്വീകരിച്ചു.

16 തുരുമ്പി ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം കനകക്കുന്ന് ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തുകയും ചെയ്തു.

17 പേരട്ട ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ റോബിൻ മുഴങ്ങത്തറയ്ക്ക് തിരുപ്പട്ടം നൽകി.

18 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

19 2023 വർഷത്തെ മൈനർസെമിനാരി വിദ്യാർത്ഥികളുടെ അഭിമുഖം നടത്തി.

20 മിഷൻ ലീഗിന്റെ നേതൃത്വത്തിൽ പനത്തടിയിൽവച്ച് നടത്തിയ എം.റ്റി.സി. ക്യാമ്പിലുള്ള കുട്ടികളെ സന്ദർശിച്ചു. പുതുതായി പണികഴിച്ച കല്ലപ്പള്ളി ദൈവാലയം കൂദാശ ചെയ്തു.

MAY 2023

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10.00 am | - | Mannathavady |
| 02-07 | | - | Rome |
| 08 | 09.00 am | - | Velimanam: Ordination |
| | 12.30 pm | - | Kiliyanthara |
| 09 | 10.00 am | - | Forane Vicars Meeting |
| | 02.00 pm | - | Catechism Council |
| 10-11 | | - | Bangalore: CBCI |
| 12 | | - | Kanjirappally |
| 13 | 09.00 am | - | Kanjiradukkom: Presbytery Blessing |
| 14 | | - | Arabi: Pastoral Visit |
| 15 | 10.30 am | - | Thalipparamba |
| | 04.00 pm | - | Kacherikkadavu: Parish Hall Blessing |
| 16 | 10-12 pm | - | Visitors Day (Priests) |
| 17 | 10-12 pm | - | Visitors Day (General Public) |
| 18 | 10.00 am | - | Finance Council |
| 19 | | - | Engaged |
| 20 | 07.00 am | - | Aryaparamba: Baptism |
| | 10.30 am | - | Iritty: Marriage |
| | 04.00 pm | - | Cherupuzha: Youth Convention |
| 21 | 09.00 am | - | Edathotty: Parish Jubilee |
| | 04.30 pm | - | Gonikkuppa |

| | | | |
|---|---|---|---|
| 22 | 09.00 am | - | Lissigiri: Ordination |
| | 02.30 pm | - | Balesugiri: Novitiate House Blessing |
| 23 | 10-12 pm | - | Visitors Day (Priests) |
| 24 | 10-12 pm | - | Visitors Day (General Public) |
| 25-26 | | - | Qatar |
| 27 | 10.00 am | - | Udayagiri: Jubilee – Fr. Joseph Karinatt |
| 28 | | - | Idukki |
| 29 | | - | Pala |
| 30 | 10.00 am | - | Presbyteral Council |
| 31 | | - | NKCBC |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് ഞറളക്കാട്ട്

## മാർച്ച് 2023

22 ചങ്ങനാശേരിയിൽ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു

25 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന കെ.സി.വൈ.എം മുൻ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും, അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

26 രാവിലെ ചട്ടമല ഇടവകയിൽ പോൾ വള്ളോപ്പള്ളി അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

വൈകിട്ട് 4:30 ന് കരിക്കോട്ടക്കരി ഇടവകയിൽ ബൈബിൾ കൺവെൻഷനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

28 നിർമ്മലഗിരി കോളേജിൽ അധ്യാപകരായ ഔസേപ്പച്ചൻ കെ.വി. ഡെന്നി ഫിലിപ്പ് എന്നിവർക്ക് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

31 പാലക്കയംതട്ടിൽ വായാട്ടുപറമ്പ് ഫോറോനയുടെ ആഭിമുഖ്യത്തിൽ നാൽപതാം വെള്ളിയാഴ്ചയുടെ ഭാഗമായി നടത്തിയ കുരിശിന്റെ വഴിയുടെ സമാപനസന്ദേശം നൽകി.

## ഏപ്രിൽ 2023

01 രാവിലെ 8:30 ന് കണിച്ചാർ ഇടവകയിൽ പാമ്പാടി തോമസ് സാറിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

02 രാവിലെ കാർത്തികപുരം ഇടവകയിൽ ഓശാന ഞായർ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

03 തലശ്ശേരിയിൽ മൂറോൻതൈലം വെഞ്ചിരിപ്പിൽ പങ്കെടുത്തു.

04 രാവിലെ തലശ്ശേരിയിൽ നടന്ന ബ്രദേഴ്സിന്റെ ഡീക്കൻപട്ട തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

05 കല്ലുമുതിരകുന്ന് ഇടവകയിൽ നടന്ന കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

06 രാവിലെ ഇരിട്ടി ഇടവകയിൽ പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. വൈകുന്നേരം കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിലും പ്രകൃതിചികിത്സാ കേന്ദ്രത്തിലും അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു.

07 രാവിലെ പൊൻമല ഇടവകയിൽ ദുഃഖവെള്ളി തിരുകർമങ്ങൾക്ക് കാർമികത്വം വഹിച്ചു. വൈകിട്ട് 4 മണിക്ക് പാലാവയൽ ഇടവകയിൽ ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ മരണമടഞ്ഞ മാതാവിനുവേണ്ടി ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

08 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വലിയ ശനി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. എടൂർ ഇടവകയിൽ തറപ്പേൽ ആഗസ്തിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

തോമസ് വടക്കേമുറി അച്ചന്റെ മരണമടഞ്ഞ സഹോദരനുവേണ്ടി ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

വൈകിട്ട് ആനപ്പന്തി ഇടവകയിൽ ഇടവക തിരുനാളിന്റെ ആരംഭത്തോടനുബന്ധിച്ച് കൊടിയേറ്റ് നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

09 രാവിലെ ഏഴു മണിക്ക് മാടത്തിൽ ഇടവകയിൽ ഈസ്റ്റർ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. തുടർന്ന് മെരിലാക്ക് ഭവൻ സന്ദർശിക്കുകയും അവിടെയുള്ള അന്തേവാസികളുമായി സമയം ചെലവഴിക്കുകയും ചെയ്തു. തുടർന്ന് മരണമടഞ്ഞ കൊച്ചുവീട്ടിൽ തോമസിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. പതിനൊന്നു മണിക്ക് കുന്നോത്ത് അനുമരിയയുടെ ഭവനം ആശീർവദിച്ചു.

10 വിമലശേരി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

കൂത്തുപറമ്പിൽ എസ്.എച്ച്. സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. തുടർന്ന് നടത്തിയ അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു. ചെട്ടിയകുന്നേൽ മാത്യൂവിന്റെ ഒന്നാം

ചരമാവാർഷികത്തോടനുബന്ധിച്ച് വിമലശ്ശേരി ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

11 വൈകിട്ട് കരിക്കോട്ടക്കരി ഇടവകയിൽ വിൻസെൻറ് ഡി പോൾ സംഘടനയുടെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

14 വൈകിട്ട് പേരട്ട ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

12 തലശ്ശേരിയിൽ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കബറിട തീർഥാടനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

13 കുടിയാന്മല ഇടവകയിൽ നിധി - തോമസൺ ദമ്പതികളുടെ വിവാഹ വാഗ്ദാന കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

15 അങ്ങാടിക്കടവ് ഇടവകയിൽ മാപ്പിളപറമ്പിൽ ജയിൻ-ഡിറ്റി ദാമ്പതികളുടെ വിവാഹം കർമ്മത്തിൽ പങ്കെടുത്തു.

16 ബാംഗ്ലൂർ മത്തിക്കര ഇടവകയിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തോട് അനുബന്ധിച്ച് വി. അർപ്പിക്കുകയും കുട്ടികൾക്ക് ആദ്യകുർബാന നൽകുകയും ചെയ്തു.

18 കുന്നോത്ത് എഫ്.സി.സി. സിസ്റ്റേഴ്സിന്റെ ധ്യനത്തോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

| MAY 2023 | ENGAGEMENTS |
| --- | --- |
| | ARCHBISHOP EMERITUS GEORGE NJARALAKATT |

| | | | |
| --- | --- | --- | --- |
| 01 | 09:30 | - | Mananthavady : Jubilee |
| 02 | 04:30 pm | - | Padichira |
| 03 | 09:30 | - | Ponmala : Angels meet |
| 06 | 10.00 am | - | Nadavayal : Jubilee |
| | 04:30 | - | Seetha mount : First Communion |
| 07 | 09: 00am | - | Nadavayal : First Communion |
| | 04:00 | - | Kaniyambetta : First Communion |
| 09 | 03:00pm | - | Mananthavady : Jubilee |
| 10 | 11:00am | - | Manippara : First Communion |
| 11 | 09:30 | - | Padiyottuchal : Angels meet |
| 12 | 09:00am | - | Edoor : Christeen Convention |
| 14 | 09:00am | - | Kothannur : First Communion |
| 15 | 10:30 | - | Rajagiri : Marriage |
| 20 | 09:30 | - | Thrissur : Jubilee |
| 27 | 12:00pm | - | Udayagiri : Jubilee |
| 31 | 07:00am | - | Mananthavady : NMBM |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മാർച്ച് 2023**

24 നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ബഹുമാനപ്പെട്ട ഔസേപ്പച്ചൻ സാറിന്റെ സെൻറ് ഓഫ് മീറ്റിങ്ങിൽ സംബന്ധിച്ച് ആശംസ അറിയിച്ചു സംസാരിച്ചു.

25 തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ട കെ. സി. വൈ. എം മുൻ ഭാരവാഹികളെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ച് ആശംസകൾ അറിയിക്കുകയും സമ്മാനദാനം നൽകുകയും ചെയ്തു.

26 ഉദയഗിരി ഇടവകയിൽ നസ്രത്ത് സന്യാസി സമൂഹാംഗമായ സിസ്റ്റർ ഗ്രേസിന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി പ്ലാന്തോട്ടത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ ക്രമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് ചട്ടമല ഇടവകയിൽ തലശ്ശേരി അതിരൂപത അംഗമായ ബഹുമാനപ്പെട്ട പോൾ വള്ളോപ്പള്ളി അച്ചന്റെ പിതാവ് ശ്രീ ജോസ് വള്ളോപ്പള്ളി മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

27 കണ്ണൂരിൽ കല്ലറക്കൽ മഹാറാണി ജൂവലേഴ്സിന്റെ നവീകരിച്ച ഷോറൂമിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പ് കർമ്മവും നടത്തി.

29 മാനന്തവാടി രൂപതയിലെ ബത്തേരി ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട ജോസഫ് പ്ലാത്തോട്ടം അച്ചൻ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

30 എടൂർ ഇടവകയിൽ നിര്യാതനായ ജോയി പാറപ്പുറത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം 5 മണിക്ക് കരിക്കോട്ടക്കരി ഇടവകയിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## ഏപ്രിൽ 2023

02 ചേറ്റംകുന്ന് ആരാധന മഠത്തിൽ ഓശാന ഞായറാഴ്ചത്തെ തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

03 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം വിശുദ്ധ മൂറോൻ വെഞ്ചിരിപ്പിന്റെ തിരുകർമങ്ങളിൽ സംബന്ധിച്ചു.

04 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനേഴാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ അർപ്പിച്ച് സന്ദേശം നൽകി. രാവിലെ 11 മണിക്ക് അരിവിളഞ്ഞപൊയിൽ ഇടവകയിൽ വിൻസെഷ്യൻ സഭാംഗമായ ഫാ. മാത്യു മാന്തുരുത്തിയുടെയും സെന്റ് മർത്ത സന്യാസിനി സമൂഹ അംഗമായ ബെൻസിയുടെയും പിതാവ് ശ്രീ. ജോസഫ് മാന്തുരുത്തിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

05 പെരുമ്പടവ് ഇടവകയിൽ നിര്യാതനായ ശ്രീ. ജോർജ് പുന്നാംചിറയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

06 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം പെസഹ വ്യാഴാഴ്ചത്തെ തിരുക്കർമങ്ങളിൽ സംബന്ധിച്ചു. വൈകിട്ട് 4.30 ന് കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന പൊതു ആരാധനയിൽ സംബന്ധിച്ചു പെസഹ അപ്പം മുറിക്കുകയും തുടർന്ന് ചേറ്റംകുന്ന് ആരാധന മഠം, ഹോളി ഫാമിലി, എഫ്.സി.സി, നസ്രത്ത് കോൺവെന്റ്, എംഎസ്എംഐ എന്നീ മഠങ്ങളിലെ അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു.

07 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

08 പാലാവയൽ ഇടവകയിൽ തലശ്ശേരി അതിരൂപത അംഗമായ ബഹു. ജോർജ് വെള്ളരിങ്ങാട്ടച്ചന്റെ മാതാവ് ശ്രീമതി ത്രേസ്യാമ്മ വെള്ളരിങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

09 വായാട്ടുപറമ്പ് ഇടവകയിൽ ഈസ്റ്റർ ദിനത്തിന്റെ തിരുകർമങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു

10 വലിയാനൂരിൽ വച്ച് നടന്ന കേരള കോൺഗ്രസ് കെഎം മാണി അനുസ്മരണ ദിനത്തിൽ മാനസിക അസ്വസ്ഥത അനുഭവിക്കുന്നവരെ

ആദരിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 4:00 മണിക്ക് നെല്ലിക്കംപൊയിൽ ഇടവകയിൽ കളത്തിൽ വരുൺ - സോന (സജീവ് ജോസഫ് എംഎൽഎയുടെ മകൾ) ദമ്പതികളുടെ വിവാഹ ആഘോഷ ത്തിൽ സംബന്ധിച്ചു.

11 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ അനുസ്മരണത്തോടനുബന്ധിച്ച് നടന്ന എക്സിബിഷനിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 കരുണാപുരം ഇടവകയിൽ തലശ്ശേരി അതിരൂപത അംഗമായ ഫാ. കുര്യാക്കോസ് പുതുക്കുളങ്ങരയുടെ വല്യപ്പൻ ശ്രീ. കുര്യൻ പുതുക്കുള യങ്ങരയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

13 പേരട്ട ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി, തുടർന്ന് കുടിയേറ്റ കർഷകരെ അനുമോദിക്കുന്ന ചടങ്ങിൽ സംബ ന്ധിച്ചു.

15 അങ്ങാടിക്കടവ് ഇടവകയിൽ മാപ്പിളപ്പറമ്പിൽ തോമസ് - അൽഫോൻസ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

21 താബോർ ഇടവകയിലെ തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 അങ്ങാടിക്കടവ് ഇടവകയിൽ പരേതയായ അനിമോൾ മമ്പള്ളിക്കു ന്നേലിന്റെ ശവസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.